# അദ്ധ്യായം 3

# തിമൊഥെയൊസിന്റെ സന്ദർശനത്താലുള്ള പ്രോൽസാഹനം

### തെസ്സലൊനിക്യർക്കുള്ള തിമൊഥെയൊസിന്റെ ദൗത്യം (3:1-5)

**1ആകയാൽ സഹിച്ചുകൂടാനാകാഞ്ഞിട്ട് ഞങ്ങൾ അഥേനയിൽ തനിച്ച് ഇരിക്കേണ്ടി വന്നാലും, വേണ്ടതില്ല എന്നു വെച്ച്, 2ഈ കഷ്ടങ്ങളിൽ ആരും കുലുങ്ങി പോകാതിരിക്കേണ്ടതിന്ന് നിങ്ങളെ സ്ഥിരപ്പെടുത്തുവാനും നിങ്ങളുടെ വിശ്വാസം സംബന്ധിച്ച് നിങ്ങളെ പ്രബോധിപ്പിപ്പാനുമായി നമ്മുടെ സഹോദരനെയും ക്രിസ്തുവിന്റെ സുവിശേഷഘോഷണത്തിൽ ദൈവത്തിന്റെ ശുശ്രൂഷകനുമായ തിമൊഥെയൊസിനെ അയച്ച് 3കഷ്ടം അനുഭവിക്കുവാൻ നാം നിയമിക്കപ്പെട്ടിരിക്കുന്നു എന്നും നിങ്ങൾ തന്നെ അറിയുന്നുവല്ലൊ. 4നാം കഷ്ടം അനുഭവിക്കേണ്ടി വരും എന്ന് ഞങ്ങൾ നിങ്ങളോടുകൂടെ ഇരുന്നപ്പോൾ, മുമ്പു കൂട്ടി പറഞ്ഞിട്ടുമുണ്ട്. അവ്വണ്ണം തന്നെ സംഭവിച്ചു എന്നു നിങ്ങൾ അറിയുന്നു. 5ഇതു നിമിത്തം എനിക്ക് ഒട്ടും സഹിച്ചുകൂടാതിരുന്നിട്ട്, പരീക്ഷകൻ നിങ്ങളെ പരീക്ഷിച്ചുവോ. ഞങ്ങളുടെ പ്രയത്നം വെറുതെയായി പോയോ എന്ന് ഭയപ്പെട്ട് ഞാൻ നിങ്ങളുടെ വിശ്വാസത്തിന്റെ വസ്തുത അറിയേണ്ടതിന്നു ആളയച്ചു.**

**വാക്യം 1. ആകയാൽ** എന്ന വാക്ക് തെസ്സലൊനിക്യരെ കാണുവാനും അവരെ കുറിച്ച് അറിയുവാനും ഉള്ള പൗലൊസിന്റെ "വലിയ വാഞ്ഛയെ" ആയിരിക്കാം സൂചിപ്പിക്കുന്നത് (2:17). **ഞങ്ങൾക്ക് സഹിച്ചുകൂടാഞ്ഞിട്ട്** [στέγω, *സ്റ്റെഗോ*] ക്രിയ അർത്ഥമാക്കുന്നത് 'ടു കവർ അപ്'; ... 'ടു സ്റ്റാന്റ് സംതിങ്,' ടു എൻഡ്വർ.[1] പൗലൊസിന്റെ "ഇച്ഛ" എന്തെന്നാൽ, തിമൊഥെയാസിനെ **അയച്ച്** തെസ്സലൊനിക്യരുടെ വിവരം അറിയുവാനാണ് അഥേനയിലായിരുന്നപ്പോൾ, ചിന്തിച്ചത്. ആ സഹോദരന്മാർ വിശ്വാസത്തിൽ യുവാക്കളായിരുന്നു, അവരുടെ സ്വജാതിക്കാരാൽ കഷ്ടം ഏറ്റുകൊണ്ടിരുന്നു (2:14), സമ്മർദ്ദത്തിലായിരുന്നവരെ ആരെങ്കിലും ചെന്ന് ഉത്തേജിപ്പിച്ചില്ലെങ്കിൽ, അവരുടെ വിശ്വാസം നഷ്ടപ്പെടുവാനിടയാകും എന്ന് പൗലൊസ് ഭയപ്പെട്ടു.

ഈ വസ്തുത പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്താത്ത പൗലൊസിന്റെ യാത്രയിലെ വിശദാംശങ്ങൾ ആണ് ഈ വസ്തുത നമ്മെ ബോധ്യപ്പെടുത്തുന്നു. ശിലാസും, തിമൊഥെയൊസും അഥേനയിലേക്ക് പൗലൊസിനോടുകൂടെ പോയെങ്കിലും (പ്രവൃ. 17:14, 15), അവിടെ അവർ കുറെ നാളത്തേക്ക് മാത്രമെ അവനോടൊപ്പം ഉണ്ടായിരുന്നുള്ളു. പിന്നെ, പൗലൊസ്

തിമൊഥെയൊസിനെ തെസ്സലൊനിക്യയിലേക്ക് മടക്കി അയച്ചു (വാ. 2). ശിലാസിനേയും ആ പ്രദേശങ്ങളിലേക്ക് അയച്ചിരിക്കുവാനാണ് സാധ്യത എന്നു നമുക്ക് ഊഹിക്കുവാൻ കഴിയും (ബെരോവയിലേക്ക് ആകാം), കാരണം പൗലൊസ് വിട്ടു പോയിരുന്നു [καταλείπω *കാറ്റാലെയിപോ*, "ലീവ് ബിഹൈൻഡ്," അല്ലെങ്കിൽ "അബാൻഡൻ"][2] **അഥേനക്ക് പിന്നിൽ ഏകനായി** എന്നർത്ഥം. ക്രിസ്തുവിന്റെ വചനം കേൾക്കുവാൻ പ്രയാസമുള്ള അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ഇടയിലായിരുന്നു പൗലൊസ്. അങ്ങനെ അവൻ സഹായം ആവശ്യമായ ഘട്ടത്തിലായിരുന്നു, പ്രത്യേകിച്ച് ഈ സന്ദർഭത്തിൽ, അവരെ സഹായിക്കുന്നതിനും അവരുടെ ക്ഷേമത്തിനുമായി പ്രവർത്തിക്കുവാൻ അവൻ തയ്യാറായിരുന്നു. അഥേനയിലെ അവന്റെ നിഷേധാനുഭവത്തിനു ശേഷം, അവൻ കൊരിന്തിലേക്ക് പോയി, അവിടെ ശിലാസും, തിമൊഥെയൊസും "മക്കെദൊന്യയിൽ" നിന്നും ഒരുമിച്ചു വന്നു (അവിടെയാണ് ബെരോവയും തെസ്സലൊനിക്യയും സ്ഥിതി ചെയ്തിരുന്നത്), അവനോട് ചേരുകയും ചെയ്തു (പ്രവൃ. 18:1-5).

**വാക്യം 2. തിമൊഥെയൊസി**ന്റെ **സഹോദരന**ായിട്ടാണ് പൗലൊസിനെ വിശേഷിപ്പിച്ചിരിക്കുന്നത്, വീണ്ടും കുടുംബബന്ധത്തെയാണ് സൂചിപ്പിക്കുന്നത്, പൗലൊസ് അവന്റെ മേലധികാരിയായി പറയുന്നില്ല. അവനെ **ദൈവത്തിന്റെ സഹ-പ്രവർത്തകൻ** എന്നു കൂടെ വിശേഷിപ്പിച്ചിരിക്കുന്നു. ഇത് ഒരു ഉയർ അനുമോദന വിവരണമാണ്, അതിനർത്ഥം തിമൊഥെയൊസ് പൗലൊസിനേയോ, അല്ലെങ്കിൽ മറ്റേതെങ്കിലും ഒരു മനുഷ്യനെയോ അല്ല സേവിച്ചത്; മറിച്ച്, അവൻ ദൈവ വേലയിൽ ദൈവത്തിന്റെ കൂട്ടാളിയായിട്ടാണ് പ്രവർത്തിച്ചത്. ഈ അർത്ഥത്തിൽ, "വർക്കർ" എന്ന വാക്ക് ലഭിക്കുന്ന ഗ്രീക്ക് വാക്ക് συνεργός (*സുനെർഗോസ്*). എങ്ങനെയായാലും, ചില കയ്യെഴുത്തു പ്രതികളിൽ διάκονος (*ഡയാക്കൊണോസ്*).[3] ഡയാക്കണൊസ് എന്ന വാക്ക് തന്നെയാണ് റോമർ 16:1 ൽ (ആർഎസ്‌വി) "ഡീക്കണെസ്" എന്നു തർജിമ ചെയ്തിരിക്കുന്നത്, ഇതേ വാക്ക് തന്നെയാണ് 1 തിമൊഥെയൊസ് 3:8 ലുള്ളത്. എങ്ങനെയായാലും, അത് യോഗ്യതകളില്ലാത്ത ഒരു സ്ഥാപനമല്ല. തിമൊഥെയാസ്, **ക്രിസ്തുവിന്റെ സുവിശേഷത്തിൽ** "പ്രവർത്തകൻ" ആയിരുന്നു. സുവിശേഷകന്റെ പ്രവൃത്തി "സുവിശേഷത്തിൽ" ആയിരിക്കണം, ക്രിസ്തു പാപികൾക്ക് വേണ്ടി മരിച്ചു എന്നത് സുവാർത്തയാണ്. പൗലൊസിന്റെ സ്ഥാനത്ത് തിമൊഥെയൊസിനെ അയക്കുമ്പോൾ, അവനെ അവർ ചെറുതായി കാണാതിരിക്കുവാനായി പൗലൊസ് അവനെ ഉയർന്ന രീതിയിൽ തന്നെ അനുമോദിച്ചാണ് സംസാരിക്കുന്നത്.

തിമൊഥെയൊസിനെ അവിടേക്ക് അയച്ചത് തെസ്സലൊനിക്യരെ **ശക്തിപ്പെടുത്തുവാനായിരുന്നു**. "ശക്തിപ്പെടുത്തൽ" എന്ന വാക്ക് വരുന്ന ഗ്രീക്ക് വാക്ക് στηρίζω (*സ്റ്റെറിസോ*), അതിന്റെ "അർത്ഥം, 'ടു ഫിക്സ്' 'ടു മേക് ഇറ്റ് ഫാസ്റ്റ്' ... പരിവർത്തകന് ആവശ്യമുള്ളത് ചുരുക്കി പറഞ്ഞു-അവരെ പിന്തുണച്ചത് അവരുടെ വിശ്വാസമായിരുന്നു."[4] ധഅവരെ അവരുടെപ **വിശ്വാസത്തെ ഉത്തേജിപ്പിക്കുന്നതിന്** കൂടെ ആയിരുന്നു അവൻ തിമൊഥെയൊസിനെ അയച്ചത് (1:8; 3:5-7; 5:8 മായി താരതമ്യം ചെയ്യുക), അവർ അത് "ഹൃദയത്തിൽ ഏറ്റുന്നതിന്," അല്ലെങ്കിൽ അവരെ സന്തോഷിപ്പിക്കുന്നതിന്.

**വാക്യം 3. ആ പ്രയാസങ്ങളാൽ**, അവർ കലങ്ങി പോകാതിരിക്കുന്നതിന്,

അല്ലെങ്കിൽ ആർഎസ്‌വി പറയുന്നതുപോലെ, ദൈവത്തില്നിന്നും അകന്നു പോകാതിരിക്കേണ്ടതിന്, തെസ്സലൊനിക്യരുടെ ഹൃദയം **കലങ്ങി** പേ ാകാതിരിക്കേണ്ടതിനാണ് അവരെ ഉത്തേജിപ്പിക്കേണ്ടതിനാണ് തിമൊഥെയൊ സിനെ അവിടേക്ക് അയച്ചത്. 2:14 ൽ പറയുന്നതു പോലെ "ആ പ്രയാസങ്ങൾ" ധഅവരുടെപ സ്വജാതിക്കാരാൽ നേരിട്ട പരീക്ഷണങ്ങൾ ആയിരുന്നു. പരീക്ഷണങ്ങൾ വരുമെന്ന് അവർ മുമ്പുകൂട്ടി അറിഞ്ഞിരുന്നു, കാരണം അവ പ്രതീക്ഷിക്കാമെന്ന് മുൻ വാക്യത്തിൽ അവൻ പറഞ്ഞിരിക്കുന്നു. അത്തരം പരീക്ഷണങ്ങൾ എല്ലായ്പോഴും ഭൗതികമല്ല, ചിലപ്പോൾ അത് സമ്മർദ്ദത്തിന്റെ ഫലമായിട്ടുണ്ടാകാം. ഇതേ ആശയം 2 തിമൊഥെയൊസ് 3:12 ൽ കാണാം (യോഹ. 15:19; മത്താ. 10:34 മായി താരതമ്യം ചെയ്യുക).

**വാക്യം 4. നിങ്ങളോട് പറഞ്ഞിട്ടുമുണ്ട്** എന്നത് വന്നിരിക്കുന്ന ഗ്രീക്ക് വാക്ക് προελέγομεν (*പ്രോലെഗോമെൻ*), (*പ്രോലെഗോ*) യുടെ അപൂർണ്ണ രൂപ മാണ്. അപൂർണ്ണ ക്രിയ ആവർത്തിച്ചുള്ള പ്രവൃത്തിയെയാണ് കാണിക്കുന്നത്, അത് ഉറപ്പിക്കുന്നതാണ് എൻഏഎസ്ബിയിലെ പറഞ്ഞിട്ടുമുണ്ട് എന്നത്. ഉപ ദ്രവം ഉണാകുമെന്ന് അവൻ ആവർത്തിച്ചു മുന്നറിയിച്ചിരുന്നു. എങ്ങനെയായ ാലും, എത്ര ആവർത്തിച്ച് മുന്നറിയിച്ചാലും, "അപ്രതീക്ഷിതമായിട്ടായിരിക്കും" ഇത്തരം അനുഭവങ്ങളിൽ കൂടെ കടന്നു പോകുന്നത്. അതായിരുന്നു പൗലൊസിന്റെ ഭയം.

**വാക്യം 5**. അവന്റെ വ്യാകുലത അധികമായപ്പോഴാണ്, **സഹിച്ചുകൂടാഞ്ഞിട്ട്** എന്ന് അവൻ പറഞ്ഞത്, അതിനാലാണ് അവൻ തിമൊഥെയൊസിനെ അയച്ച് പരിശോധിക്കുവാനിടയായത്. **പരീക്ഷകൻ** (മത്താ. 4:3–5) അവരെ വഞ്ചിച്ച് തെറ്റിപ്പോകുവാനിടയാക്കിയിരിക്കാം, അങ്ങനെ പൗലൊസിന്റെ പ്രയത്നങ്ങളെല്ലാം **വൃഥാവായി** തീരുവാൻ സാഹചര്യം ഒരുങ്ങുകയും തെസ്സലൊനിക്യരുടെ ആത്മാക്കൾ നഷ്ടപ്പെടുകയും ചെയ്യും. (2:1 ന്റെ ചർച്ച നോക്കുക κενός [*കെനോസ്*] "വൃഥാവായി.")

"ഐ" എന്ന ഫസ്റ്റ് പെഴ്സൺ സിംഗുലർ പ്രോനൗൺ ആണ് താൻ അവരെ കുറിച്ച് എത്രമാത്രം ആഴത്തിൽ കരുതുന്നു എന്ന് ഊന്നി പറയുവാൻ ഉപയോഗിച്ചത്, പൗലൊസിനെ ആളുകൾ കുറ്റപ്പെടുത്തിയിട്ടും അവൻ തിമൊഥെയാിനെ അയച്ചതും അതുകൊണ്ടാണ്, അവൻ അവരെ വിട്ടടുകളഞ്ഞിരുന്നില്ല.

### തിമൊഥെയൊസ് കൊണുവന്ന വാർത്തയിൽ സന്തോഷം (3:6-10)

**[6]ഇപ്പോഴോ തിമൊഥെയൊസ് നിങ്ങളുടെ അടുക്കൽ നിന്ന് നിങ്ങളുടെ വിശ്വാസത്തെയും സ്നേഹത്തെയും പറ്റിയും ഞങ്ങൾ നിങ്ങളെ കാണ ുവാൻ വാഞ്ഛിക്കുന്നതുപോലെ നിങ്ങൾ ഞങ്ങളെയും കാണുവാൻ വാഞ്ഛിക്കുന്നതുകൊണ്ട് ഞങ്ങങ്ങളെ കുറിച്ച് നിങ്ങൾക്ക് എപ്പോഴും നല്ല ഓർമ്മ ഉണ്ട് എന്നും ഞങ്ങളോട് സദ്വർത്തമാനം അറിയിച്ച കാരണത്താൽ [7]സഹോദരന്മാരേ, ഞങ്ങളുടെ സകല കഷ്ടത്തിലും സങ്കടത്തിലും നിങ്ങളുടെ വിശ്വാസം ഹേതുവായി ഞങ്ങൾ നിങ്ങളെ കുറിച്ച് ആശ്വാസം പ്രാപിച്ചു. [8]നിങ്ങൾ കർത്താവിൽ നിലനിൽക്കുന്നു എന്നു അറിഞ്ഞു ഞങ്ങൾ വീണ്ടും ജീവിക്കുന്നു. [9]നമ്മുടെ ദൈവത്തിന്റെ സന്നിധിയിൽ നിങ്ങളെച്ചൊല്ലി ഞങ്ങൾ സന്തോഷിക്കുന്ന സകല സന്തോഷത്തിലും തക്കതായി ദൈവത്തിന്**

**എന്തോരു സ്തോത്രം ചെയ്യുവാൻ ഞങ്ങളാൽ കഴിയും? [10]ഇനി നിങ്ങളുടെ മുഖം കാണുവാനും നിങ്ങളുടെ വിശ്വാസത്തിന്റെ കുറവ് തീർക്കുന്നതിന‌ുമായി ഞങ്ങൾ രാവും പകലും വളരെ താൽപര്യത്തോടെ പ്രാർത്ഥിച്ചുപേ‌ാരുന്നു.**

**വാക്യം 6**. പൗലൊസ് ഈ ലേഖനം എഴുതിയപ്പോൾ, തിമൊഥെയാസ് തെസ്സലൊനിക്യയിൽനിന്നും കൊരിന്തിലേക്ക് യാത്ര തിരിച്ചിട്ടേ ''ഉണ്ടായിരുന്നുള്ളു'' (എൻഐവി), തിമൊഥെയൊസ് തെസ്സലൊനിക്യയിലേക്ക് പോയപ്പോൾ, പൗലൊസ് അഥേനയിലേക്കും പോയി (പ്രവൃ. 18:5). തിമൊഥെയൊസ് തെസ്സലൊനിക്യരെ കുറിച്ച് നല്ല വാർത്തയാണ് ധപൗലൊസിനെപ കേൾപ്പിച്ചത്. "**സദ്വാർത്ത കൊണ്ടുവന്നു**" എന്നതിന്റെ ഗ്രീക്ക് വാക്ക് εὐαγγελίζω (*യുവാഞ്ചെലിസോ*), അർത്ഥം "കൊണ്ടുവരിക ധഅല്ലെങ്കിൽപ സദ്വാർത്ത പ്രഖ്യാപിക്കുക."[5] ഒരാൾ-വേറൊരാളോട് "സദ്വാർത്ത" അറിയിക്കുന്നതിനെയാണ് ഈ വാക്യം സൂചിപ്പിക്കുന്നത് (പ്രവൃ. 8:4 മായി താരതമ്മ്യം ചെയ്യുക).

അത് അവരുടെ **സ്നേഹത്തിന്റേയും വിശ്വാസത്തിന്റേയും** "സദ്വാർത്ത" ആയിരുന്നു, അല്ലെങ്കിൽ "ചാരിറ്റിയുടെ" (കെജെവി). അവരുടെ "വിശ്വാസം" എന്നത് സൂചിപ്പിക്കുന്നത് ദൈവത്തിലുള്ള അവരുടെ ആശ്രയം ആണ്, അത് "പ്രവൃത്തിയെയും" "സ്നേഹത്തെയും" തന്മൂലം "പ്രയത്നത്തെയും" പുറപ്പെടുവിക്കുന്നു (1:3). വാസ്തവത്തിൽ, ശരിയായ സ്നേഹം ഏതെങ്കിലും വിധത്തിലുള്ള പ്രവൃത്തി ചെയ്യും (1 യോഹ. 4:10 മായി താരതമ്മ്യം ചെയ്യുക). കൂടാതെ, തിമൊഥെയൊസ് തെസ്സലൊനിക്യരെ സംബന്ധിച്ചു കൊണ്ടുവന്ന സദ്വാർത്തയിൽ പൗലൊസിനെ കുറിച്ച് അവർക്കുണ്ടായിരുന്ന **ദയവും** ഉൾപ്പെട്ടിരിക്കുന്നു. അതായത്, പൗലൊസ് അവരെ "ഉപായത്തിൽ" കുടുക്കുകയായിരുന്നു എന്ന് ദുരുപദേഷ്ടാക്കന്മാർക്ക് തെസ്സലൊനിക്യരെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞില്ല (2:3; എൻഐവി). അവൻ അവരെ **കാണുവാൻ വാഞ്ഛിച്ചിരുന്നതു**പോലെ, അവർ അപ്പോഴും അവനെ കാണുവാൻ വാഞ്ഛിച്ചിരുന്നു (2:17). അവനെ കുറിച്ചുള്ള അവരുടെ കരുതൽ മാത്രമായിരുന്നില്ല പൗലൊസിന്റെ ചിന്തയിൽ ഉണ്ടായിരുന്നത്. അവരുടെ മനോഭാവത്തിലും, ഉപദേശത്തിലും അവർ ദുരുപദേഷ്ടാക്കളുടെ വഞ്ചനയിൽ കുടുങ്ങി നാശത്തിലേക്ക് പോകുവാൻ സാധ്യതയുണ്ടെന്നും പൗലൊസ് വിചാരപ്പെട്ടിരുന്നു.

**വാക്യം 7**. തിമൊഥെയൊസിന്റെ മടങ്ങി വരവിനായി കാത്തിരുന്നപ്പോൾ, ആദ്യം അഥേനയിലും പിന്നെ കൊരിന്തിലും പൗലൊസിന് **നിരാശയും ഉപദ്രവവും** നേരിട്ടിരുന്നു, അഥേന, സംശയ രഹിതമായി, വിഗ്രഹാരാധന നിറഞ്ഞ പട്ടണമായിരുന്നു (പ്രവൃ. 17:16-18). കൊരിന്തിൽ, "നിരാശക്ക്" കാരണം, അവിശ്വാസികളായ യെഹൂദന്മാരുടെ എതിർപ്പു മൂലമായിരിക്കാം (പ്രവൃ. 18:5, 6). തിമൊഥെയൊസ് തെസ്സലൊനിക്യരെ കുറിച്ചുള്ള വിശ്വസ്തതാ വിവരം കൊണ്ടുവന്നപ്പോൾ പൗലൊസിന് **ആശ്വാസം** ലഭിച്ചു, അല്ലെങ്കിൽ, അവരുടെ **വിശ്വാസം** നിമിത്തം അവന് "ഉത്തേജനം" ലഭിച്ചു (എൻഐവി) - അതായത്, സമ്മർദ്ദവും, ഉപദ്രവവും ഉണ്ടായിട്ടും അവർ തങ്ങളുടെ ദൈവത്തിലുള്ള ആശ്രയം തുടർന്നു.

വാക്യം 2 ലെ ''പ്രോൽസാഹിക്കപ്പെട്ടു'' എന്നതു പോലെയുള്ള

ഗ്രീക്ക് വാക്ക് തർജിമ ചെയ്ത വാക്കാണ് "ആശ്വാസം പ്രാപിച്ചു" എന്നത്. അതാണ് παρακαλέω (*പാരാകലെയോ*) അർത്ഥം, "പ്രബോധനം മൂലം സഹായിക്കുകയോ പ്രോൽസാഹിപ്പിക്കുകയോ ചെയ്യൽ''[6] പുതിയ നിയമത്തിൽ, *പാരാകലെയോ* 109 പ്രാവശ്യം കാണപ്പെടുന്നു എന്നാണ് ജേ ാർജ് ബ്രാമൻ പറയുന്നത്, അർത്ഥം: (എ) സമൻ, ക്ഷണിക്കുക, ചോദിക്കുക, ആവശ്യപ്പെടുക; (ബി) പ്രബോധിപ്പിക്കുക; (സി) ആശ്വസിപ്പിക്കുക, ഉത്തേജിപ്പിക്കുക. നാമം ആയ [παράκλησις] *പാരാക്ലെസിസ്*, അർത്ഥം "പ്രബോധനം, ഉത്തേജനം, യാചന, ആവശ്യം, ആശ്വാസം, സമാശ്വാസം."[7] ഗ്രീക്ക് അക്ഷരികമായി പറയുന്നത്, "നിങ്ങളെ പറ്റി അല്ല" "ആശ്വാസം പ്ര ാപിച്ചത്" (എൻഏഎസ്ബി), മറിച്ച്, "നിങ്ങൾക്കാണ്" ആശ്വാസം ലഭിച്ചത് (ἐφ' ὑμῖν, *എഫ് ഹുമിൻ*), " 'ഓവർ' എന്ന അസാധാരണമായ പ്രിപൊസിഷൻ വ്യക്തമാക്കുന്നത്, പൗലൊസിന് ലഭിച്ചശക്തി തെസ്സലൊനിക്യരെ ആസ്പ ദമായിരിക്കുന്നു എന്നാണ്. ... ധഏപ പൗലൊസിന് ലഭിച്ച പുതിയ ശക്തി,ന്നെ ഉയർന്നു കാണുവാൻ പ്രാപ്തനാക്കി എന്നു കാണിക്കുന്നു."[8]

**വാക്യം 8. കർത്താവിൽ, ഉറച്ചു നിൽപാൻ**, എന്നതിന്റെ ഗ്രീക്ക് στήκω (*സ്റ്റേകോ*), അർത്ഥം ''കലങ്ങി പോകുവാൻ,'' നിങ്ങളെ അന ുവദിക്കാതിരിക്കുക (3:3). ക്രിയാത്മകമായി പറഞ്ഞാൽ, അത് കാണിക്കുന്നത് "സഹിഷ്ണുത" ആണ് (1:3; എൻഐവി), ആകയാൽ, "പ്രവൃത്തിയാലും," "പ്ര യത്നത്താലും," വരുന്ന സ്വഭാവമാണ് (1:2. 3), അലസതയോ അലംഭാവമോ കാണിക്കാതെ ''കർത്താവിന്റെ വേലയിൽ എപ്പോഴും മുതിർന്നു വരിക'' എന്നർത്ഥം (1 കൊ.15:58). "ഉറച്ചു നിൽക്കുക എന്ന ചിന്ത നൽകുന്ന ഗ്രീക്ക് വാക്ക് ധതതതതതപ *ഹിസ്റ്റേമി, ഹിസ്റ്റേമി* യേക്കാൾ ശ്രേഷ്ഠത കാണിക്കുന്ന വാക്കാണ് *സ്റ്റേകോ* ..."[9]

താൻ സഹിച്ചു **ജീവിക്കുന്നതുപോലെ**, അവരും സഹിച്ച് കഷ്ടതയെ നേരിട്ടു എന്നു കേട്ടപ്പോൾ പൗലൊസിന്റെ സന്തോഷം പറഞ്ഞറിയിക്കുവാൻ കഴിയാത്ത വിധത്തിലായി, അതായത്, വെറുതെ അങ്ങനെ കടന്നു പേ ാകുകയായിരുന്നില്ല, പിന്നെയോ ആസ്വദിച്ച് സന്തോഷിക്കുകയായിരുന്നു. ഇത് പൗലൊസിന്റെ ആത്മിയ നിലവാരത്തെ അധികമായി സംസാരിക്കുന്നു. ആളുകളുടെ ആത്മിയ പുരോഗതി കാണുന്നതിലായിരുന്നു പൗലൊസിന്റെ സന്തോഷം. അതിനർത്ഥം, അവന്റെ ചിന്ത "ഉയരത്തിലുള്ളതിൽ" ആയിരുന്നൂ എന്നതാണ് (കൊലൊ. 3:1–4). നാം പൗലൊസിനെ പോലെ ആണോ? സഹോദരന്മാർ വിശ്വാസത്തിൽ നിലനിൽക്കുകയും ആത്മിയ വർദ്ധന പ്ര ാപിക്കയും ചെയ്യുന്നതിലാണോ നാം വലിയ സന്തോഷം കണ്ടെത്തുന്നത്? നാം ഉത്തേജിക്കപ്പെടുന്നത് എപ്പോഴാണ്? സഭ ആത്മിയമായി വളരുമ്പോഴോ അതോ നമുക്ക് ഇഷ്ടമുള്ള കായികവിനോദ ടിം വിജയിക്കുമ്പോഴോ?

**വാക്യം 9.** പൗലൊസ് അടിക്കടിയും നിരന്തരമായും പ്രാർത്ഥിച്ചിരുന്നതായി നാം കണ്ടുകഴിഞ്ഞു, ആ പ്രാർത്ഥനയിൽ തെസ്സലൊനിക്യർക്ക് വേണ്ടി സ്തോത്രം ചെയ്തിരുന്നതായും കാണുന്നു (1:2, 3 ന്റെ ചർച്ചകൾ നോക്കുക), ആത്മീയമായി തെസ്സലൊനിക്യരെ നിലനിർത്തിയത് ദൈവമായിരുന്നു എന്നു കാണാം, അത് പൗലൊസിനെ വ്യക്തിപരമായി സന്തോഷിപ്പിച്ചു, അങ്ങനെ അവൻ **ദൈവത്തിന് ... സ്തോത്രം** ചെയ്യുന്നു. ദൈവത്തിന് മതിയായ വിധത്തിൽ സ്തോത്രം ചെയ്യുവാൻ കഴിയാത്തത്ര വലുതായിരുന്നു അവന്റെ സന്തോഷം. ''ഗ്രീക്കിൽ, അക്ഷരികമായി പറയുന്നത് 'ദൈവത്തിന് തിരിച്ച് എന്തു

സ്തോത്രമാണ് ചെലുത്തുവാൻ കഴിയുന്നത്?' അവിടെഉപയോഗിച്ചിരിക്കുന്ന ക്രിയ [ἀνταποδίδωμι] *ആന്റാപൊഡിഡോമി* ഇവിടെ അയോറിസ്റ്റ് ഇൻഫിനറ്റിവ് ആണ് (ഒ. വാ. 2 തെസ്സ. 1:6), കടപ്പെട്ടിരിക്കുന്നത് തിരിച്ച് നൽകുക എന്ന അർത്ഥമാണ്.[10]

തീർച്ചയായും, അവർക്ക് **വേണ്ടി** പൗലൊസ് സ്തോത്രം ചെയ്തതു വായിച്ച തെസ്സലൊനികൃർക്ക് ഊഷ്മളമായ വികാരമായിരിക്കും അനുഭവപ്പെട്ടിരിക്കുക. ("നിങ്ങൾ," "നിങ്ങളുടെ" എന്നീ വാക്കുകൾക്ക് ഊന്നൽ കൊടുത്തിരിക്കുന്ന വാ. 6–10 നോക്കുക). ആ സന്തോഷം **നമ്മുടെ ദൈവത്തിന്റെ മുമ്പാകെ** ആണെന്നുള്ള കാര്യം വളരെ പ്രാധാന്യമുള്ളതാണ്, അല്ലെങ്കിൽ "നമ്മുടെ ദൈവത്തിന്റെ സന്നിധിയിൽ" (എൻഐവി) താനും, സംഘവും അനുഭവിച്ച സന്തോഷം, സ്വാർത്ഥപരമായിരുന്നില്ല എന്നാണ് പൗലൊസ് വ്യക്തമാക്കിയത്. മറിച്ച്, അവരുടെ വാസ്തവത്തിലുള്ള താൽപര്യം അവരുടെ സ്വന്ത മഹത്വത്തിലായിരുന്നില്ല, പിന്നെയോ, തെസ്സലൊനികൃരുടെ ആത്മാക്കളുടെ രക്ഷയായിരുന്നതിനാൽ, അവർക്ക് "ദൈവത്തിന്റെ ... മുമ്പാകെ" സന്തോഷിക്കുവാൻ കഴിഞ്ഞു.

**വാക്യം 10**. തങ്ങളുടെ പ്രാർത്ഥന എന്ന ആശയത്തെ അധികം വിശദമാക്കുന്നതാണ് പൗലൊസും സഹ-പ്രവർത്തകരും **രാവും പകലും** പ്രാർത്ഥിച്ചിരുന്നു എന്നത്. സംശയരഹിതമായും അതിന്റെ ഫലത്തിൽ അവർക്ക് വിശ്വാസമുണ്ടായിരുന്നു എന്ന് സ്പഷ്ടം (യാക്കൊ. 5:16 മായി താരതമ്യം ചെയ്യുക). അവർ പ്രാർത്ഥിച്ചപ്പോൾ, ഉന്നയിച്ച ആവശ്യം, **നിങ്ങളുടെ മുഖം കാണുവാൻ,** അഥവാ, അവരെ വ്യക്തിപരമായി സന്ദർശിക്കണം എന്നതായിരുന്നു. അവൻ തിമൊഥെയൊസിനെ അവരുടെ അടുക്കലേക്ക് അയച്ചു എങ്കിലും, അത് അവനെ പൂർണ്ണമായി തൃപ്തനാക്കിയില്ല. ധ**കുറവുള്ളത്**പനികത്തുവാനായി, അവൻ അപ്പോഴും ധകാര്യങ്ങൾ ക്രമപ്പെടുത്തിപ **പൂർത്തീകരിക്കുവാനായി** അവൻ വ്യക്തിപരമായി ആഗ്രഹിച്ചു. "പൂർണ്ണമാക്കൽ" എന്നതിന്റെ ഗ്രീക്ക് വാക്ക് καταρτίζω (*കാറ്റർടിസോ*), അത് "വല വിരിക്കുന്നതിന്" ഉപയോഗിച്ചിട്ടുണ്ട് (മത്താ. 4:21), അല്ലെങ്കിൽ മനുഷ്യരെ ഉദ്ദേശിച്ചും ഉപയോഗിച്ചിരിക്കുന്നു (ഗലാ. 6:1). *കറ്റാർടിസോ* യെ ഏ. ടി. റോബർട്സൺ വിവരിച്ചിരിക്കുന്നത് നോക്കുക.[11]

തെസ്സലൊനികൃരെ കുറിച്ചുള്ള തിമൊഥെയൊസിന്റെ വിവരങ്ങൾ മൊത്തത്തിൽ നല്ലതായിരുന്നു, എന്നാൽ അവർക്ക് കൂടുതൽ ഉപദേശവും, ആത്മിയ വളർച്ചയും ആവശ്യമായിരുന്നു, അങ്ങനെ, അവർ കൂടുതൽ "മികവുള്ളവരായി തീരും" (4:1, 10). അവരുടെ **വിശ്വാസത്തിൽ** കുറവുള്ളത് നികത്തുന്നതിന് അവരെ സഹായിക്കുന്നതായിരിക്കാം കൂടുതൽ പഠനം കൊണ്ട് ഉദ്ദേശിച്ചത്. ഈ സന്ദർഭത്തിൽ, "വിശ്വാസം" എന്നതിൽ ഉൾപ്പെടുന്നത് ഒരുപക്ഷെ, തെസ്സലൊനികൃർ പിടിച്ചിരിക്കുന്ന ഉപദേശരൂപത്തിലുള്ളതായിരിക്കാം, രണ്ടാം വരവിനെ കുറിച്ചുള്ളതാകാം മുഖ്യമായ ഉപദേശ സംബന്ധമായതുമാകാൻ സാധ്യതയുണ്ട്. "വിശ്വാസം" എന്ന അതേ പ്രയോഗം യൂദാ 3 ലും കാണാം.

## പൗലൊസിന്റേയും സഹപ്രവർത്തകരുടേയും ആശംസകളും പ്രാർത്ഥനകളും (3:11-13)

**[11]നമ്മുടെ ദൈവവും പിതാവുമായവനും നമ്മുടെ കർത്താവായ യേശുവും ഞങ്ങൾ നിങ്ങളുടെ അടുക്കൽ വരുവാൻ വഴി നിരത്തി തരുമാറാകട്ടെ. [12]എന്നാൽ ഞങ്ങൾക്ക് നിങ്ങളോടുള്ള സ്നേഹം വർദ്ധിക്കുന്നതുപോലെ കർത്താവ് നിങ്ങൾക്ക് തമ്മിലും എല്ലാവരോടുമുള്ള സ്നേഹം വർദ്ധിപ്പിച്ചു കവിയുമാറാക്കുകയും [13]ഇങ്ങനെ നമ്മുടെ കർത്താവായ യേശു തന്റെ സകല വിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും കർത്താവുമായവന്റെ മുമ്പാകെ വിശദ്ധീകരണത്തിൽ അനിന്ദ്യമായി വെളിപ്പെടുംവിധം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.**

**വാക്യം 11.** താൻ തെസ്സലൊനിക്യയിലേക്ക് മടങ്ങി പോകുകയാണെങ്കിൽ, തനിക്ക് ''വഴി നിരപ്പാക്കി'' തരുന്നത് **പിതാവായ ദൈവവും, തന്റെ യജമാനനും കർത്താവുമായ യേശുക്രിസ്തുവും** ആയിരിക്കുമെന്ന് പൗലൊസിന് അറിയാമായിരുന്നു; എൻഐവി. അവർ രണ്ടു പേരും ചർന്ന് കരുണാധിക്യപ്രകാരം "വഴി നിരപ്പാക്കും" കാരണം **യേശു ദൈവമാണെ**ന്നും, തനിക്ക് മടങ്ങി പോകുവാനുള്ള തടസങ്ങൾ നീക്കുവാൻ അവൻ ശക്തനാണെന്നും പൗലൊസ് തിരിച്ചറിഞ്ഞിരുന്നു. "ഡയറക്ട്" എന്ന വാക്ക് വരുന്നത് κατευθύνω (*കറ്റെയുടുനോ*), എന്ന ''പുരാതനമായ'' ഒരു ക്രിയയാണ്, അർത്ഥം "ഒരു നേരായ പാത ഉണ്ടാക്കുക."[12] "നമ്മുടെ ദൈവവും പിതാവുമായവൻ" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്, പൗലൊസ് ആസ്വദിക്കുന്ന പുത്രത്വത്തെയാണ്.

തെസ്സലൊനിക്യയിലേക്ക് മടങ്ങി പോകുവാനുള്ള പൗലൊസിന്റെ അപേക്ഷ ദൈവം കേട്ടോ? കേട്ടു എന്നു തന്നെയാണ് തോന്നുന്നത്. ഏകദേശം മൂന്നു നാല് വർഷങ്ങൾക്ക് ശേഷം, പൗലൊസ് തെസ്സലൊനിക്യ സ്ഥിതി ചെയ്തിരുന്ന മക്കെദോന്യ വഴിയായി പോകുകയും, ആ "പ്രദേശങ്ങളിലെ ആളുകളെ" പ്രബോധിപ്പിക്കുകയും ചെയ്തു (പ്രവൃ. 20:1, 2). അവൻ സന്ദർശിച്ച പ്രദേശങ്ങളിൽ ഒന്ന് തെസ്സലൊനിക്യ ആയിരുന്നു എന്നു നിസംശയം പറയാം. അതിനു പുറമേ, അവൻ വീണ്ടും അവിടെ സന്ദർശിച്ചിരിക്കുവാനുമിടയുണ്ട് (1 തിമൊ. 1:3).

**വാക്യം 12.** പൗലൊസിന് അവരോടുള്ള സ്നേഹം (*അഗാപെ*, 1:3 നെ കുറിച്ചുള്ള ചർച്ച നോക്കുക), അവരെ സന്ദർശിക്കുമ്പോഴെല്ലാം, വർദ്ധിച്ചു വന്നിരുന്നു. അത്തരം സ്നേഹ സ്വഭാവമായിരുന്നു അവരിലും ഉണ്ടായിരുന്നത്. ആ നിലയിൽ നിന്നും **സ്നേഹ** നിലവാരം **ഉയരുവാൻ** അവൻ ആഗ്രഹിക്കുകയും എഴുതുകയും ചെയ്തു, ആ **സ്നേഹം** അങ്ങനെ അവരിൽ **നിറയുവാൻ** അല്ലെങ്കിൽ "കവിയുവാനായിരുന്നു" (എൻഐവി) ലേഖനം എഴുതിയത്. അവിടെയുള്ള ക്രിസ്ത്യാനികൾക്ക് **തമ്മിൽ തമ്മിലുള്ള സ്നേഹം** വർദ്ധിക്കുവാനായിരുന്നു പൗലൊസ് പ്രാർത്ഥിച്ചത്. പക്വതയുള്ള ക്രിസ്ത്യാനികൾ ആദ്യം പരസ്പരം സ്നേഹിക്കും, പിന്നെ **എല്ലാവരേയും** സ്നേഹിക്കും (1 യോഹ. 4:7; ഗലാ. 6:10 നോക്കുക). "എബൗണ്ട്" എന്ന വാക്ക് "വർദ്ധനവിന്റെ" ആധിക്യത്തെ കാണിക്കുന്നതാകാം, അതല്ലെങ്കിൽ

ഒരേ കാര്യം ഊന്നി പറയുവാനായി രണ്ടു വാക്കുകൾ ഉപയോഗിച്ചതാകാം, ഡേവിഡ് ജെ. വില്യംസ് അങ്ങനെയാണ് വിശ്വസിക്കുന്നത്.[13]

വാസ്തവത്തിൽ പക്വതയിലെത്തിയ ദൈവപൈതൽ, മൽസരിയായ ഒരാളുടെ പോലും ക്ഷേമത്തിൽ കൂറഞ്ഞ് ചിന്തിക്കുകയില്ല, കാരണം എല്ലാവരും ക്രിസ്ത്യാനിയുടെ പിതാവായ ദൈവത്തിന്റെ സന്താനങ്ങളാണ്. ദൈവം എല്ലാവരേയും സ്നേഹിക്കുന്നു. സ്നേഹത്തിന് നാം ആ ദൈവത്തെയാണ് മാതൃകയാക്കി എടുക്കേണ്ടത് (യോഹ. 3:16; മത്താ. 5:48). വാസ്തവത്തിൽ, നാം എല്ലാ ആളുകളേയും സ്നേഹിക്കുന്നുണ്ടോ? നാം സത്യസന്ധമായി എല്ലാ ആളുകളേയും സ്നേഹിക്കുന്നു എന്നു പറയുവാനും അത് തെളിയിക്കുവാനും കഴിയുമോ? നാം ദൈവത്തിന്റെ സന്ദേശം എല്ലാ ആളുകളിലേക്കും എത്തിക്കുന്നുണ്ടോ? അങ്ങനെ ചെയ്താൽ, നാം മറ്റുള്ളവർക്ക് മാതൃക കാണിച്ചുകൊടുക്കുകയും, അവർ നിത്യരക്ഷ സ്വീകരിക്കുവാൻ കാരണമാകുകയും ചെയ്യും. നാം സ്നേഹം കാണിക്കുന്ന ഏറ്റവും വലിയ ഉദാഹരണമാണ് സുവിശേഷം പങ്കിടൽ.

**വാക്യം 13.** അന്തിമമായ രക്ഷ, ഒരു വ്യക്തിക്കോ, അല്ലെങ്കിൽ ഒന്നിലധികം പേർക്കോ ലഭിക്കുന്നത് കർത്താവായ **യേശുവിന്റെ പ്രത്യക്ഷതയിലായിരിക്കും,** അതായത് അവന്റെ രണ്ടാം വരവിൽ (4:15 മായി താരതമ്യം ചെയ്യുക). സകല മനുഷ്യരേയും ന്യായം വിധിക്കുന്നതിനാണ് അവൻ വരുന്നത് (യോഹ. 5:22–30).

"വരവ്" എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് παρουσία (*പ്രൗസിയാ*). അതേ വാക്ക് 2:19 ലും കാണാം, തന്റെ 2:19 ന്റെ പരാമർശത്തിൽ, ലിയോൺ മോറിസ് ഈ വാക്കിന് അൽപം പ്രകാശം കൊടുത്തിരിക്കുന്നു:


> ക്രിസ്തീയ സാഹിത്യത്തിൽ ഈ വാക്ക് ആദ്യമായിട്ടാണ് വന്നിരിക്കുന്നത്. അതിന്റെ അടിസ്ഥാന അർത്ഥം ലളിതമായി, "സാന്നിധ്യം" എന്നാണ് (1 കൊ. 16:17 ലേതും കക കൊ. 10:10 ലേതും പോലെ). അത് "സാന്നിധ്യത്തിനായി വരുന്നു" അല്ലെങ്കിൽ "എത്തിച്ചേരൽ" (കക കൊ. 7:6 മു). സാധാരണ ഭാഷയിൽ ആ വാക്ക് ഉപയോഗിക്കുന്നത്, വലിയ രാജാവിന്റെയോ ചക്രവർത്തിയുടേയോ ആഗമനത്തെ സൂചിപ്പിക്കുന്നതിനാണ്. പുതിയ നിയമത്തിൽ യേശുവിന്റെ രണ്ടാം വരവായ രാജകിയ സന്ദർശനത്തിന് സാങ്കേതിക പദമാണ് ഉപയോഗിച്ചിരിക്കുന്നത്. പുതിയ നിയമത്തിൽനിന്നും ക്രിസ്തീയ സാഹിത്യത്തിലേക്ക് പൊതുവായി വന്നതാണ് ... ആകയാൽ പൗലൊസ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ... കർത്താവിന്റെ വിജയകരമായ മടങ്ങി വരവ് സൂചിപ്പിക്കുന്നതിനാണ്. എന്നിട്ടു പോലും, പൗലൊസ് പറയുന്നത്, തെസ്സലൊനിക്യരാണ് തന്റെ സന്തോഷവും, പ്രത്യാശയും, പ്രശംസാ കിരീടവും എന്നാണ്. ചിലപ്പോൾ രാജാവ് സന്നിഹിതനാകുമ്പോൾ, *പ്രൗസിയാ* ആളുകൾ കിരീടം നൽകേണ്ട സാഹചര്യവും ഉണ്ടാകാറുള്ളതിനാൽ, പ്രാധാന്യമില്ലാത്ത ആഗമനമല്ല രാജാവിന്റേത്. എന്നാൽ ഈ രാജാവ് വരുമ്പോൾ, കിരീടം ജനങ്ങളുടേതായിരിക്കും.[14]

യേശുക്രിസ്തു യാദൃശ്ചികമായി തന്റെ **സകല വിശുദ്ധന്മാരുമായിട്ടായിരിക്കും** വരുന്നത്. ആരാണ് ഈ "വിശുദ്ധന്മാർ?"

ഗ്രീക്ക് വാക്ക് ἅγιοι (*ഹാഗിയോയി*), അക്ഷരികമായ അർത്ഥം, "വിശുദ്ധരായവർ." അവർ ദൈവത്തെ അനുസരിച്ച് ന്യായവിധി ജയിച്ചവരുടെ ആത്മാക്കളാണോ കർത്താവിനോടൊപ്പം വരുന്നത്? അല്ലെങ്കിൽ അവർ കർത്താവിനേ ാടുകൂടെ വരുന്ന ദൂതന്മാരാണോ? ഗ്രീക്ക് വാക്ക് വിവിധ സന്ദർഭങ്ങളിൽ, രണ്ടു വിധത്തിലും ഉപയോഗിച്ചിട്ടുണ്ട്. ഇവിടെ എൻഏഎസ്ബി, കെജെവി, ആർഎസ്വിയിലും, "വിശുദ്ധന്മാർ" എന്നാണ് തർജിമ ചെയ്തിരിക്കുന്നത്, അത് തർജിമക്കകാർ വ്യക്തമാക്കുന്നത്, "അനുസരിച്ച മനുഷ്യർ" ആണെന്നത്രെ, എന്നാൽ എൻഐവി തർജിമ ചെയ്തിരിക്കുന്നത്, "ആ വിശുദ്ധരായവർ" എന്നാണ്, അതായത്, "അനുസരിച്ച മനുഷ്യർ," എന്നോ "ദൂതന്മാർ" എന്നോ മനസിലാക്കട്ടെ എന്നു കരുതിക്കാണും. അവന്റെ രണ്ടാം വരവിനെ കുറിച്ച് പറയുന്ന മറ്റു സന്ദർഭങ്ങളിൽ, "ദൂതന്മാർ" എന്നാണ്, അതിന്റെ ഗ്രീക്ക് വാക്ക് ἄγγελοι (*ആഞ്ചെലോയി*), അവനോടു "കൂടെ" ദൂതന്മാർ വരും (മത്താ. 25:31; മർ. 8:38; 2 തെസ്സ. 1:7), ഈ "ദൂതന്മാരെ" അടിക്കടി "വിശുദ്ധർ" എന്നു പറഞ്ഞിരിക്കുന്നതിനാൽ, ഇവിടെ പറയുന്നത് "ദൂതന്മാർ" തന്നെയാണ് (മർ. 8:38; ലൂക്കൊ. 9:26). ആ സാധ്യതക്ക് ഊന്നൽ കൊടുത്തുകൊണ്, പൗലൊസ്, ഭൂമിയിലുള്ളവരും യേശുവിനോടുകൂടെ വരുന്നവരും തമ്മിലുള്ള വ്യത്യാസം കാണിച്ചു തരികയാണ് ചെയ്യുന്നത്.

ആ വ്യത്യാസം തീർച്ചയാണെന്ന് വിചാരിക്കരുത്, എന്നാൽ അവർ ദൂതന്മാരാണെന്ന് ശക്തമായി നമുക്ക് വിശ്വസിക്കാം. മോറിസ് ദൂതന്മാരെയും വിശുദ്ധന്മാരെയും ഉൾപ്പെടുത്തിയാണ് സംസാരിക്കുന്നത്,[15] ജെ.ഡബ്ലിയു. മെക്കാർവേയും ഫിലിപ് വൈ. പെൻലെറ്റണും വിശുദ്ധന്മാർക്കായി വാതിൽ തുറന്നിടുന്നു.[16] ഐ. ഹോവാർഡ് മാർഷൽ എയള്'ı ''വിശുദ്ധന്മാർ'' അടക്കമുള്ളതിൽ ഒരു "ബുദ്ധിമുട്ട്" കാണുകയുണ്ടായി. അവൻ പറഞ്ഞു, "അവൻ വരുന്നതിന് മുമ്പ് എന്നതിന് പകരം കർത്താവിന്റെ പ്രത്യക്ഷതക്കു ശേഷം ആണ് വിശ്വാസികളുടെ ധഏകീപ ഭവിക്കൽ."[17] ഇവിടെ *ഹാഗിേ യായി* എന്തർത്ഥമാണ് നൽകുന്നതെങ്കിലും, അന്ന് യേശുവിനോടു "കൂടെ" വരുന്നവർ "എല്ലാവരും" എന്നതിൽ ആരെല്ലാം ഉൾപ്പെട്ടാലും, ജീവനേ ാടെ ശേഷിക്കുന്നവർ കുറെ പേർ ഭൂമിയിൽ കാണും എന്ന കാര്യത്തിൽ സംശയമില്ല (താഴെ കൊടുത്തിരിക്കുന്ന ഉപദ്രവം, മില്ലെനിയം, മുതലായവയെ കുറിച്ചുള്ള ലിൻസിയുടെ കാഴ്ച്ചപ്പാട് നോക്കുക.)

## അത്യാഹ്ലാദം, മില്ലെനിയം തുടങ്ങിയവയെ കുറിച്ച്, ലിൻസിയുടെ കാഴ്ച്ചപ്പാട്[18]




"ഉന്മാദത്തെ" വില്യംസ് ആ വാക്യത്തെ ഉപയോഗിച്ച് വിവരിക്കുന്നത് ഇങ്ങനെയാണ്:

യേശുവിന്റെ മടങ്ങിവരവിനെ കുറിച്ചും അന്ത്യകാലത്തെ സംഭവത്തെ കുറിച്ച് പല ക്രിസ്ത്യാനികളും രണ്ട് വിശ്വാസത്തിലാണ് പല ക്രിസ്ത്യാനികളും: ഒന്ന് യേശു സഭയെ എടുക്കുവാനായി രഹസ്യത്തിൽ വരും, രണ്ട്, മഹോപദ്രവത്തിന് ശേഷം അവൻ പരസ്യമായി ലോകത്തെ ന്യായം വിധിക്കുവാനായി വരും, (അത്, ഈ സിദ്ധാന്തമനുസരിച്ച്, ലോകം മാത്രം നിലനിൽക്കും). ആദ്യ വരവിനെ അവർ റാപ്ച്ചർ എന്നും, രണ്ടാമത്തെ വരവിനെ വെളിപ്പാട് എന്നും വിളിക്കുന്നു. ലാറ്റിൻ വാക്ക് (*റാപെരെ*) ൽ നിന്നാണ് ഗ്രീക്ക് വാക്ക് ἁρπάζω (*ഹാർപസോ*) രൂപപ്പെട്ട് ആണ് "റാപ്ച്ചർ" വന്നിരിക്കുന്നത്, അതാണ് പൗലൊസ് 4:17 ൽ ഉപയോഗിച്ചിരിക്കുന്നത്, "നാം ... എടുക്കപ്പെടും." എങ്ങനെയായാലും, ആധുനിക സിദ്ധാന്തപ്രകാരമല്ല പൗലൊസ് ഇവിടെ പറഞ്ഞിരിക്കുന്നത് ... ആ വാക്യത്തിൽനിന്നു വലിച്ചെടുത്ത് വിപുലപ്പെടുത്തിയതാണ് സിദ്ധാന്തം. ഈ വാക്യം പറയുന്നതുപോലെ യേശു തന്റെ വിശുദ്ധന്മാരുമായി വരുമ്പോൾ, അവർക്കായിട്ടാണ് ആദ്യം വരുന്നതെന്ന് വാദിക്കപ്പെടുന്നു. അസംഖ്യം മറ്റു വേദഭാഗങ്ങൾ ആ സിനാറിയയോട് യോജിക്കുന്നതായി തോന്നിയേക്കാം (മർ. 13:27; വെളി. 11:11), അവയിൽ ഒന്നു പോലും, 1 തെസ്സലൊനിക്യർ 3:13 ലും ആ വ്യാഖ്യാനത്തെ അനുകൂലിക്കുന്നില്ല.[19]

യേശു തന്നോടുകൂടെ വിശുദ്ധന്മാരെ കൊണ്ടുവന്നാലും. ദൂതന്മാരെ കൊണ്ടുവന്നാലും. പൗലൊസ് പറയുന്നത്, തെസ്സലൊനിക്യരുടെ **ഹൃദയങ്ങൾ** ദൈവം **സ്ഥിരപ്പെടുത്തുകയും** (ഉറച്ചു നിൽപാൻ ശക്തീകരിക്കുക), പിന്നെ, ന്യായവിധിയിൽ, ആ ക്രിസ്ത്യാനികൾ കുറ്റമില്ലാത്തവരും (കുറ്റപ്പെടുത്തുവാൻ കഴിയാത്തവർ), യേശുവിന്റെ രക്തത്താൽ **നിർമ്മലരായവരും** നമ്മുടെ **ദൈവത്തിന്റെ മുൻപാകെ വിശുദ്ധരും** ആയിരിക്കും; 1 യോഹ. 1:7–10, അതായത്, ന്യായവിസ്താരത്തിന് മുൻപിൽ. അന്തിമ വിധിനാളിൽ, അവസാന പരീക്ഷണവും നേരിടുവാൻ തെസ്സലൊനിക്യയിലുള്ളവരെ കുറ്റമില്ലാത്തവരാകുന്നത്, ക്രിസ്തുവിന്റെ രക്തത്താലുള്ള വിശുദ്ധീകരണം പ്രാപിച്ചവരുടെ അഥവാ, തെസ്സലൊനിക്യർ അവസാന പരീക്ഷണത്തിന് തയ്യാറായിരുന്നു.[20]

## പ്രായോഗികത

### പക്വതയുള്ള ഉപദേഷ്ടാവിന്റെ പ്രാർത്ഥന

അദ്ധ്യായം 3 ൽ, ഏതാനും മാസങ്ങളിൽ തെസ്സലൊനിക്യയിൽ ചെന്ന് തെസ്സലൊനിക്യ ഇടവക ആരംഭിച്ചതായി പൗലൊസ് പ്രതിഫലിപ്പിക്കുന്നു (പ്രവൃ. 17:1–9). പൗലൊസ് ഒരു പക്വതയുള്ള ഉപദേഷ്ടാവും, തെസ്സലൊനിക്യ സഭ വിശ്വാസത്തിൽ യൗവന പ്രായത്തിലുമായിരുന്നു. തെസ്സലൊനിക്യയിൽ സുവിശേഷത്തെ പ്രതിരോധിക്കേണ്ടി വന്നതിനാൽ, പൗലൊസിന് വിചാരിച്ചതിനോക്കാൾ നേരത്തെ അവിടം വിട്ടുപോകേണ്ടി വന്നു, അതായിരുന്നു അവൻ ഉൽക്കണ്ഠപ്പെടുവാനുള്ള കാരണം. തന്റെ യുവ പരിവർത്തകരെ കുറിച്ചുള്ള പക്വതയുള്ള ഉപദേഷ്ടാവിന്റെ കരുതലാണ് നാം കാണുന്നത്. താഴെ കൊടുത്തിരിക്കുന്ന അജ്ഞാതനായ ഒരു ഉപദേഷ്ടാവിന്റെ പ്രാർത്ഥന പോലെ ആയിരുന്നേക്കാം പൗലൊസിന്റെ പ്രാർത്ഥനയും.

ദൈവമേ, എല്ലാറ്റിലും അപൂർവ്വമായത് എന്റെ കൈകളിലേക്ക് ഏൽപിച്ചു തന്നിരിക്കുന്നു,
അത് മനുഷ്യരുടെ ഹൃദയം അല്ലെങ്കിൽ മനസ് ആണ്.
എനിക്ക്, ഭരമേൽപിച്ചു തന്നിരിക്കുന്നത് നിന്റെ സ്വരൂപമായ ആത്മാവിനെ ആണല്ലൊ.
ആ ദൈവികമായ ദാനത്തെ മനോഹരമാക്കുവാൻ (സുവിശേഷത്താൽ) ഉള്ള ശക്തി.
ആണല്ലൊ നൽകിയിരിക്കുന്നത്. നിന്റെ മഹത്തായ സൃഷ്ടിയിലേക്ക്.
നിന്റെ സന്ദേശം എത്തിക്കുക എന്ന മഹത്തായ ജോലി ചെയ്യുവാനാണല്ലൊ എന്നെ ചുമതലപ്പെടുത്തിയത്.
എന്റെ ആത്മാവിന്റെ ഉള്ളറയിലേക്ക് ആ വലിയ ജോലിയുടെ മഹത്വം അറിയുവാൻ ഇറങ്ങി ചേല്ലട്ടെ.
എന്നെ അറിയാവുന്ന എല്ലാവരും ആ ദൈവിക സ്നേഹത്തിന്റെ അതിശയം അറിയട്ടെ.
ആ മഹാ ദൗത്യത്തിന്, എന്നെ യോഗ്യനാക്കേണമേ. ഈഈ

**സഹോദരന്മാരെ ഉത്തേജിപ്പിക്കലും ശക്തിപ്പെടുത്തലും (3:2)**

വാക്യം 2 ൽ, പൗലൊസ് എഴുതി, “നിങ്ങളുടെ വിശ്വാസം സംബന്ധിച്ച് നിങ്ങളെ പ്രബോധിപ്പിക്കുവാനുമായി നമ്മുടെ സഹോദരനും ക്രിസ്തുവിന്റെ സുവിശേഷ ഘോഷണത്തിൽ ദൈവത്തിന്റെ ശുശ്രൂഷകനുമായ തിമൊഥെയൊസിനെ അയച്ചു.'' തെസ്സലൊനിക്യ സഭ പരീക്ഷണങ്ങളെ അതിജീവിക്കുന്നതു കാണുവാൻ പൗലൊസ് അതിയായി ആഗ്രഹിച്ചു.

പരീക്ഷണം നിമിത്തം, തെസ്സലൊനിക്യ സഭ വീണുപോകുമോ എന്ന് പൗലൊസ് ഭയപ്പെട്ടു (വാ. 5). അതുകൊണ്, വെറുതെ ഇരുന്നു സഹോദരന്മാരെ കുറിച്ച് ഓർത്ത് വിചാരപ്പെടുന്നതിനേക്കാൾ നല്ലത് അവരെ സഹായിക്കുവാൻ എന്തെങ്കിലും ചെയ്യുന്നതാണ് നല്ലതെന്ന് വിചാരിച്ചു. തന്റെ ജീവന് ഭീഷണി നേരിട്ടതു നിമിത്തമായിരുന്നു അവന് അവിടേക്ക് മടങ്ങി പോകുവാൻ കഴിയാതിരുന്നത്. അങ്ങനെയാണ് അവൻ തിമൊഥെയൊസിനെ അവിടേക്ക് അയച്ചത്. തെസ്സലൊനിക്യ സഭക്ക് പരിചയമുള്ള ആളായിരുന്നു തിമൊഥെയൊ 1സ്, പക്ഷെ അവിടെയുള്ള യെഹൂദന്മാർക്ക് അവനെ പരിചയമില്ലായിരുന്നു. തിമൊഥെയൊസ് വിശ്വസ്തനായ പ്രവർത്തകനും, ഒരു “സഹോദരനും,” “ക്രിസ്തുവിന്റെ സുവിശേഷത്തിൽ ദൈവത്തിന്റെ ശുശ്രൂഷകനുമായിരുന്നു” (വാ. 2). ആളുകളുടെ രക്ഷക്കായി അവൻ എങ്ങനെ മരിച്ചു എന്ന് ക്രിസ്തുവിനെ കുറിച്ചു അറിയിക്കുവാൻ തിമൊഥെയൊസിന് അറിയാമായിരുന്നു. പൗലൊസിന്റെ പ്രസ്തുത പ്രതിസന്ധിയിൽ പരിഹാരമായിരുന്നു തിമൊഥെയൊസ്.

''ഉത്തേജിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായിരുന്നു'' പൗലൊസ് തിമൊഥെയൊസിനെ അയച്ചത്. ആ ലക്ഷ്യം അവൻ എങ്ങനെയാണ് കൈവരിച്ചത്? അത് എങ്ങനെ എന്ന് വ്യക്തമായി ബൈബിൾ പറയുന്നില്ലെങ്കിലും, വിവിധ അംഗങ്ങളുള്ള ഇടവകയെ പരസ്യമായി അഭിസംബോധന ചെയ്ത് അവരെ പ്രോൽസാഹിപ്പിക്കുകയും പ്രചോദന വാക്യങ്ങൾ എടുത്ത് ഉദ്ധരിപ്പിച്ച് അവരെ ഓരോരുത്തരെയും വ്യക്തിപരമായി ശക്തിപ്പെടുത്തിയത് നമുക്ക് കാണുവാൻ കഴിയും.

പൗലൊസും തിമൊഥെയൊസും സഭയെ ശക്തിപ്പെടടുത്തി. എങ്ങനെ യായാലും, തെസ്സലൊനിക്യർക്ക് മാത്രമായിരുന്നില്ല ഉത്തേജനം ആവശ്യം. എല്ലാ സഭകളിലും ആവശ്യമുള്ള ആളുകൾ ഉണ്ട്. ആ ആവശ്യങ്ങൾ നാം എങ്ങനെയാണ് നിറവേറ്റുന്നത്? ചിലരെ ചെന്നു കാണേണ്ടത് ആവശ്യമാണ്. പുതിയ പരിവർത്തകർക്ക് പരിശീലനം നൽകേണ്ടതായിട്ടുണ്ട്. സഭയുടെ ജേ ാലി എന്തെല്ലാമെന്ന് പുതിയ അംഗങ്ങളെ പഠിപ്പിക്കണം. “നമ്മുടെ ... പ്രയത്നം വൃഥാവായി” പോകാതിരിക്കുവാൻ നമുക്ക് പൗലൊസിനേയും തിമൊഥെ യാസിനേയും പോലെ “ഉത്തേജിപ്പിക്കയും ശക്തിപ്പെടുത്തുകയും ചെയ്യാം” (വാ. 5).
ഈഈ

**പ്രാദേശികമായ പ്രസംഗവും ഉപദേശവും (3:1-3)**

തെസ്സലൊനിക്യരെ കുറിച്ചുള്ള ആഴമേറിയ കരുതൽ നിമിത്തം, പൗലൊസ് തിമൊഥെയോസിനെ അവരുടെ അടുക്കലേക്ക് അയച്ചു. തന്നെ അനുഗമിച്ച ബെരോവക്കാരോട് ബെരോവയിലേക്ക് മടങ്ങിപോകുവാനും, തിമൊഥെ യാസിനോടും ശിലാസിനോടും അഥേനയിൽ തന്റെ അടുക്കൽ വരുവാൻ നിർദ്ദേശിക്കുന്നതും പ്രവൃത്തികളുടെ പുസ്തകത്തിൽ വിവരിക്കുന്നു (പ്രവൃ. 17:15). സ്പഷ്ടമായും തിമൊഥെയൊസും ശിലാസും, കൊരിന്തിലേക്ക് തന്നെ അനുഗമിക്കുവാൻ പൗലൊസ് ആഗ്രഹിച്ചിരുന്നു, എങ്കിലും, അവരിൽ ഒര ാളെ പോലും കൊണ്ടുപോകുവാൻ അവന് കഴിഞ്ഞില്ല. തിമൊഥെയൊസ് അഥേനയിൽ പൗലൊസിന്റെ അടുക്കൽ വന്നു എന്നോ, അവനെ തിരിച്ച് തെസ്സലൊനിക്യയിലേക്ക് മടക്കി അയച്ചു എന്നോ ലൂക്കൊസ് പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്നില്ല.

പൗലൊസിനെ അഥേനയിലേക്ക് അനുഗമിച്ചത് ബെരൊവയിലെ സഹോദരന്മാരായിരുന്നു, അവിടെ അവൻ ഒറ്റപ്പെടുകയും ചെയ്തിരുന്നു എന്ന് പ്രവൃത്തികൾ 17:15 ൽ പറയുന്നു. തിമൊഥെയൊസുനേയും ശിലാ സിനേയും പൗലൊസ് ബെരോവയിൽ വിട്ടിട്ടായിരുന്നു പോയത്. തന്റെ അടുക്കലേക്ക് അവർ എത്രയും വേഗം വരണമെന്ന് പൗലൊസ് ബെരേ ാവയിലെ സഹോദരന്മാരോട് പറഞ്ഞയച്ചിരുന്നു (പ്രവൃ. 17:15). പൗലൊസ് അഥേനയിൽ പ്രസംഗിച്ച ശേഷം, പൗലൊസ് അവിടെ നിന്നു കൊരിന്തിലേക്ക് പോയി (പ്രവൃ. 18:1), അവിടെ വെച്ച് തിമൊഥെയൊസും ശിലാസും മെക്കെദൊന്യയിൽനിന്നു വന്നു പൗലൊസിനോട് ചേർന്നു (പ്രവൃ. 18:5). ഈ വേദഭാഗത്തു നിന്നും വ്യക്തമാകുന്നത് (വാ. 1, 2) തിമൊഥെയൊസ് അഥേന യിൽ പൗലൊസിനോട് ചേർന്നു എന്നും, എന്നാൽ അവനെ തെസ്സലൊന ിക്യയിലേക്ക് മടക്കി അയച്ചു എന്നുമാണ്. ഇവിടെ വൈപരീത്യമൊന്നുമില്ല. പ്രവൃത്തികളുടെ പുസ്തകത്തിൽ തിമൊഥെയൊസ് അഥേനയിലേക്കും പിന്നെ തെസ്സലൊനിക്യയിലേക്കും പോയത്ലൂക്കൊസ് പറയുന്നില്ല, കാരണം അവൻ എഴുതിയ ഉദ്ദേശം അതല്ലായിരുന്നു. എങ്ങനെയായാലും, പൗലൊസ് തെസെസ്സലൊനിക്യർക്ക് ലേഖനം എഴുതുമ്പോൾ, അത് തികച്ചും പ്രാധാന ്യമുള്ള കാര്യമായിരുന്നു.

തിമൊഥെയൊസ് അഥേനയിൽ വന്നപ്പോൾ, തിമൊഥെയൊസ് തെസ്സലൊനിക്യയിലേക്ക് മടങ്ങിപ്പോകുവാൻ അവനും പൗലൊസും തീരുമാന ിച്ച് ഉറപ്പിച്ചിരുന്നു. കുറെ നാൾ കഴിഞ്ഞ് പൗലൊസ് മക്കെദോന്യയിലേക്ക് പോയി. പ്രവൃത്തികളുടെ പുസ്തകത്തിലെ വിശദാംങ്ങളുടെ അഭാവം മൂലം,

മിഷ്ണറിമാരുടെ പ്രവർത്തനങ്ങളെ പുനരാവിഷ്ക്കരിച്ച് വിവരിക്കുക പ്രയാസമായിരിക്കും. എങ്ങനെയായാലും, ക്രമേണ കൊരിന്തിൽ വെച്ച് തിമൊഥെയൊസും ശിലാസും പൗലൊസിനോട് ചേർന്നു, അവർ മക്കെദോന്യയിൽ നിന്നായിരുന്നു വന്നത് (പ്രവൃ. 18:5).

തിമൊഥെയൊസിനെ തെസ്സലൊനിക്യയിലേക്ക് മടക്കി അയച്ചപ്പോൾ, അവിടെ പ്രാദേശികമായ പ്രസംഗവും ഉപദേശവും നടന്നതായി നമുക്ക് കാണുവാൻ കഴിയും.

*കരുതലോടുകടെ ഉള്ള സേവനം.* പൗലൊസ് തെസ്സലൊനിക്യരെ കുറിച്ച് ആത്മാർത്ഥമായി കരുതിയതിന്റെ ഫലമായിട്ടായിരുന്നു പൗലൊസ് തിമൊ ഥെയാസിനെ അവിടേക്ക് മടക്കി അയച്ചത്. പൗലൊസിന് തെസ്സലൊനിക്യരോടുള്ള ആഴമേറിയ സ്നേഹത്തെ പ്രകടമാക്കുന്ന വാക്കാണ് "സഹിച്ചുകൂടാഞ്ഞിട്ട്" എന്ന പ്രയോഗം. തന്റെ പ്രസംഗവും ഉപദേശവും നിമിത്തം പൗലൊസ് അവരെ കുറിച്ച് ഓർത്ത് ഭാരപ്പെട്ടിരിക്കുകയായിരുന്നു.

വാസ്തവത്തിലുള്ള ഒരു സഹോദരനും, ക്രിസ്തുവിന്റെ സുവിശേഷഘോഷണത്തിൽ ദൈവ ശുശ്രൂഷക്കാരനുമായ തിമൊഥെയാസ്, തെസ്സലൊനിക്യരോടുള്ള പൗലൊസിന്റെ ഊഷ്മളമായ കരുതൽ അറിയിക്കും. ആവശ്യമുള്ള സമയത്ത് തെസ്സലൊനിക്യയിലേക്കു പോകുവാൻ തിമൊഥെയൊസ് തയ്യാറായിരുന്നു എന്നർത്ഥം. അത്, ഒരു ജോലി ആയതു കൊണ്ടോ അല്ലെങ്കിൽ, അവൻ അത് ഇഷ്ടപ്പെട്ടതുകൊണ്ടോ ആയിരുന്നില്ല. മറിച്ച് ആത്മാക്കളോടുള്ള സ്നേഹവും ദീനാനുകമ്പവും നിമിത്തമായിരുന്നു.

*മറ്റുള്ളവരെ വിശ്വാസത്തിൽ ഉറപ്പിക്കൽ.* അടുത്ത സമയത്ത് തുടങ്ങിയ സഭയായിരുന്നതിനാൽ, തെസ്സലൊനിക്യയിലെ സഭ അപ്പോഴും യൗവന വിശ്വാസത്തിലായിരുന്നു. അവരെ സ്ഥിരപ്പെടുത്തുവാനുള്ള പ്രബോധനം അവർക്ക് ആവശ്യമായിരുന്നു, വിശ്വാസത്തിൽ അവരെ അങ്ങനെ ഉറപ്പിക്കേണ്ടിയിരുന്നു. തിമൊഥെയൊസ് അവിടെ ചെന്ന് സഹോദരന്മാരെ അവരുടെ ക്രിസ്തീയ ജീവിതം അരക്കിട്ട് ഇറപ്പിക്കുവാൻ ശ്രമിച്ചു.

*മറ്റുള്ളവരെ ആശ്വസിപ്പിക്കുവാൻ ശ്രമിക്കൽ.* "പ്രോൽസാഹിപ്പിക്കൽ" എന്നതിന്റെ ഗ്രീക്ക് വാക്ക് παρακαλέω (*പാരാകലെയോ*) "പ്രബോധനം" എന്നും തർജിമ ചെയ്യാം. തങ്ങളുട വിശ്വാസം നിമിത്തം അവർ വലിയ പരീക്ഷണം നേരിടുകയായിരുന്നു. അപ്പോൾ അവർക്ക്, ആശ്വാസവും, ഉത്തേജനവും, ഉറയ്ക്കുന്നതിന് ആവശ്യമായ സഹായവും ലഭിക്കണമായിരുന്നു.

അങ്ങനെ, നിന്ദിക്കുകയും, പരിഹസിക്കുകയും, ഉപദ്രവിക്കപ്പെടുകയും ചെയ്ത ഒരു കൂട്ടം യുവ ക്രിസ്ത്യാനികൾക്കിടയിലേക്ക് തിമൊഥെയൊസ് വന്നു, യുദ്ധ-ഭീതി ആരംഭിക്കുകയും ശക്തിയുള്ള ചുറ്റികയാലുള്ള ആഞ്ഞടികൾ ഉയർന്നുകൊണ്ടിരിക്കുന്നു. വിശ്വാസത്തിന്റെ നല്ല പോർ പോർ പൊരുതുവാൻ സഹോദരന്മാരെ സഹായിക്കുക എന്നതായിരുന്നു തിമൊഥെയൊസിന്റെ ദൗത്യം. ഒരു ഉപദേഷ്ടാവിന്റെ ജോലി "ആശ്വാസത്തിലിരിക്കുന്നവരെ വേദനിപ്പിക്കുകയും വേദനയിലിരിക്കുന്നവരെ ആശ്വസിപ്പിക്കുകയുമാണ്" എന്ന് പണ്ടുള്ള ഉപദേഷ്ടാക്കന്മാർ പറഞ്ഞിട്ടുണ്ട്. സ്പഷ്ടമായും, തിമൊഥെയൊസിന്, ആശ്വസിക്കുന്നവരെ വേദനിപ്പിക്കേണ്ടതായിട്ടല്ല വന്നത്, പിന്നെയോ, വേദനിക്കുന്നവരെ ആശ്വസിപ്പിക്കേണ്ടതായിട്ടാണ് വന്നത്.

ഈസി

**ഒരു യുവ സഭയെ കുറിച്ചുള്ള പൗലൊസിന്റെ ഭയം (3:5)**

വാക്യം 5 ൽ പൗലൊസ് എഴുതി, "ഇതു നിമിത്തം എനിക്ക് ഒട്ടും സഹിച്ചുകൂടാഞ്ഞിട്ട്, പരീക്ഷകൻ നിങ്ങളെ പരീക്ഷിച്ചുവോ, ഞങ്ങളുടെ പ്രയത്നം വെറുതെ ആയിപ്പോയോ എന്നു ഭയപ്പെട്ടു നിങ്ങളുടെ വിശ്വാസത്തിന്റെ വസ്തുത അറിയേണ്ടതിന്ന് ആളയച്ചു." തെസ്സലൊനിക്യയിലുള്ള ക്രിസ്ത്യാനികൾ വീണുപോകുമോ എന്നായിരുന്നു പൗലൊസിന്റെ ഭയം. അപ്പോഴും, അവർ ആത്മിയ പാൽ ആവശ്യമുള്ള ശിശുക്കൾ ആയിരുന്നു അവർ (എബ്രാ. 5:12). അവരോട് അവനുണായിരുന്നത് അപ്പന്റേയും അമ്മയുടേയും വാൽസല്യമായിരുന്നു (2:7, 11), എന്നാൽ അവർ അനാഥരാക്കപ്പെട്ടിരുന്നു (2:17). അവർ യുവത്വത്തിൽ, ഉപേക്ഷിക്കപ്പെട്ട്, ഉപദ്രവം നിമിത്തം കഷ്ടതയേറ്റ് വിശ്വാസം വിട്ടുകളഞ്ഞു ക്രിസ്തുവിൽ നിന്നു പിൻവാങ്ങുമോ എന്ന് അപ്പൊസ്തലൻ ഭയപ്പെട്ടിരുന്നു.

പൗലൊസ് പറഞ്ഞ "പരീക്ഷകൻ" പിശാച് ആയിരുന്നു. യേശുവിനെ അവൻ പരീക്ഷിച്ചു. പത്രൊസ് എഴുതി, "പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞ് ചുറ്റി നടക്കുന്നു" (1 പത്രൊ. 5:8). പിശാച് തന്റെ പ്രവൃത്തികൾ ചെയ്യുവാൻ ആളുകളെയാണ് ഉപയോഗിക്കുന്നത് (പ്രവൃ. 17:5; 1 തെസ്സ. 2:14). സാത്താനും അവന്റെ സംഘവും ചേർന്നു ആക്രമിക്കുമ്പോൾ, അതിനെ ശക്തമായി നേരിടുവാൻ ആ യുവ സഭക്ക് കഴിയുകയില്ല എന്ന് പൗലൊസ് ഭയപ്പെട്ടു.

പരീക്ഷണം ഉടനെ ഉണ്ടെന്ന് അറിയുകയാൽ, "കഷ്ടത ഏൽക്കേണ്ടി" വരും എന്ന് പൗലൊസ് തെസ്സലൊനിക്യരെ ആവർത്തിച്ച് മുന്നറിയിച്ചിരുന്നു (വാ. 4). ചിലപ്പോൾ നമുക്ക് നേരിടുന്ന എതിർപ്പ് ഭൗതികമാകാം (പ്രവൃ. 16:22; 17:6 നോക്കുക). ചിലപ്പോൾ അത് മനശാസ്ത്രപരമാട്ടാകാം (യോഹ. 15:19 നോക്കുക). ഏതു വിധത്തിൽ ആയാലും, ഉപദ്രവങ്ങൾ വരാം: "ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കുവാൻ മനസുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും" (2 തിമൊ. 3:12).

ഇന്ന് സഭയിലെ ഭൂരിഭാഗം അംഗങ്ങളും പൗലൊസിനെ പോലെ ആകണം. പുതിയ പരിവർത്തകരെ കുറിച്ച് നാം കരുതലുള്ളവരാണോ? നാം അവരെ കുറിച്ച് അറിയുവാനും സ്നേഹ ബന്ധം നിലനിർത്തുവാനും ശ്രമിക്കുന്നുണ്ടോ? നാം അവരെ പഠിപ്പിക്കയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടോ? പൗലൊസ് തെസ്സലൊനിക്യ സഭയെ കുറിച്ച് കരുതുകയും മുന്നറിയിക്കുകയും ചെയ്തതുപോലെ, നമ്മുടെ ഇടവകയിലെ പുതിയ അംഗങ്ങളെ കുറിച്ച് നാം കരുതുകയും, പരിശീലിപ്പിക്കുകയും, പ്രോൽസാഹിപ്പിക്കുകയും പരീക്ഷണങ്ങളെ അതിജീവിക്കുവാൻ സഹായിക്കുകയും വേണം. ഈഈ

**ഉപദ്രവം നേരിടുമ്പോൾ (3:3-5)**

പൗലൊസ് പെട്ടെന്ന് തെസ്സലൊനിക്യ വിട്ടുപോയപ്പോഴും ഉപദ്രവം തുടർന്നുകൊണ്ടിരുന്നു. അവിടെയുണ്ടായിരുന്ന യുവ സഭ ക്രിസ്ത്യാനിത്വത്തെ എതിർത്ത ശത്രുക്കളുടെ, ഒരുപക്ഷെ യെഹൂദന്മാരായ ദുഷ്ട മനുഷ്യരുടെ ഉപരോധത്തിലായി ജ്വലിച്ചുകൊണ്ടിരുന്ന പരീക്ഷണങ്ങളുടെ മദ്ധ്യേ സഭ എങ്ങനെ നിലനിൽക്കുന്നു എന്നതിനെ കുറിച്ച് ചിന്തിക്കാതിരിപ്പാൻ പൗലൊസിന് കഴിഞ്ഞില്ല.

ഈ വേദഭാഗത്ത്, ഉപദ്രവത്തിന്റെ അർത്ഥം എന്തെന്ന് കാണിച്ച് പൗലൊസ് അവരെ ഉത്തേജിപ്പിക്കുകയായിരുന്നു. അവർ അന്ന് അനുഭവിച്ച ബുദ്ധിമുട്ടുകളൊന്നും നമ്മിൽ അധികം പേരും അനുഭവിക്കുന്നില്ലെങ്കിലും, പ്രത്യേക സമ്മർദ്ദങ്ങളും പരീക്ഷണങ്ങൾ നേരിടുമ്പോൾ അവയെ അതിജീവിക്കുവാൻ ഇത് നമ്മെ സഹായിക്കും.

*ഉപദ്രവം പദ്ധതിയുടെ ഭാഗമാണ്.* ഒന്നും വെറുതെ സ്വയമായി സംഭവിക്കുന്നില്ല. ഒന്നുകിൽ ദൈവം അനുവദിച്ചിട്ട് സംഭവിക്കുന്നു, അല്ലെങ്കിൽ ദൈവം അതിനു കാരണമാകുന്നു. തെസ്സലൊനിക്യർ ഉപദ്രവത്തിന് "നിശ്ചയിക്കപ്പെട്ടിരുന്നു." നിരപരാധികളായ ശിശുക്കളെ കൊല്ലാതെ ദൈവപുത്രനെ ഈ ലോകത്തിലേക്ക് അയക്കുവാൻ ദൈവത്തിന് കഴിയുമായിരുന്നു, പക്ഷെ ദൈവം അതിന് അനുവദിച്ചു, അതേപോലെ ക്രിസ്ത്യാനികൾ ലോകത്തിൽ ജീവിക്കുമ്പോൾ, പിശാച് അവരെ നിന്ദിക്കുകയും, ഉപദ്രവിക്കുകയും സകല വിധത്തിലും പരീക്ഷിക്കുകയും ചെയ്യുന്നതിന് ദൈവം അനുവദിക്കുകയാണ്.

പൗലൊസ് തെസ്സലൊനിക്യയിലായിരുന്നപ്പോൾ, ഉപദ്രവം വരുമെന്ന് അവരോട് മുന്നറിയിച്ചിരുന്നു. അവൻ മുമ്പുകൂട്ടി പറഞ്ഞിട്ടുള്ളത് ഓർക്കുമല്ലൊ എന്നാണ് പറഞ്ഞത്. പൗലൊസ് എവിടെയെല്ലാം സുവിശേഷ പ്രസംഗത്തിന് പോയോ, അവിടെയെല്ലാം എതിർപ്പ് നേരിടേണ്ടി വന്നിരുന്നു. ഉപദ്രവത്തെ കുറിച്ചുള്ള പൗലൊസിന്റെ ഉപദേശം ഒരു പക്ഷെ പുതിയ പരിവർത്തകർക്ക് യോജിച്ച നിലവാരമുള്ളതാണ്.

*ഉപദ്രവങ്ങൾ നമ്മെ ഇളക്കരുത്*. ക്രിസ്തുവിനുവേണ്ടിയുള്ള മഹത്തായ ജീവിതത്തിൽ നിന്നു നമ്മെ വഴി തിരിച്ചു വിടുവാൻ അത്തരം ഉപദ്രവങ്ങളെ നാം അനുവദിക്കരുത്. വാക്യം 3 നെ കുറിച്ച് റേമണ്ട് സി. കെൽസി എഴുതി:

> ഡിസ്റ്റർബ്ഡ് എന്നതിന്റെ ക്രിയാ രൂപം തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം, "ടു ഫാൺ അപ്പോൺ," "ടു ഫ്ലാറ്റർ," അല്ലെങ്കിൽ "ടു വാഗ് ദ ടെയിൽ." ചില ദുരുപദേഷ്ടാക്കന്മാർ മുഖസ്തുതി ഉപയോഗിച്ച്, ഉപായത്തിൽ സൗഹൃദം നടിച്ച്, ഒരു നായ് വാല് ആട്ടി സൗഹൃദം കാണിക്കുന്നതുപോലെ, തെസ്സലൊനിക്യരെ അവരുടെ വിശ്വാസത്തിൽനിന്ന് ചലിപ്പിക്കുമോ എന്നായിരുന്നു പൗലൊസിന്റെ ഭയം.[21]

വരുവാനിരുന്ന ഉപദ്രവങ്ങളാൽ അവരെ തെറ്റിദ്ധരിപ്പിക്കുവാനോ, വഞ്ചിക്കുവാനോ കഴിയുമായിരുന്നില്ല.

*ഉപദ്രവങ്ങളിൽനിന്നു നന്മ വരുത്തുവാൻ ദൈവത്തിന് കഴിയും.* പരീക്ഷണങ്ങൾ പരിശുദ്ധനു വേണ്ടി ജീവിക്കുന്നതിന് കൂടുതൽ ശക്തി പകരും. "ഒരു കഷണം ബട്ടറിന്മേൽ മഴു മൂർച്ച വരുത്തുവാൻ സാധ്യമല്ല" എന്ന് കർഷകർ പണ്ടേ പറയുമായിരുന്നു.

ആ യുവ സഭയിലേക്ക് ഉപദ്രവം കടന്നു വരുമെന്നും, അപ്പോൾ അവർക്ക് പ്രോൽസാഹനം ആവശ്യമാണെന്നും പൗലൊസിന് അറിയാമായിരുന്നു. അവന്റെ വാക്കുകൾ നേരിട്ടുള്ളതായിരുന്നു:ഉപദ്രവത്തിനായി നാം നിയമിക്കപ്പെട്ടിരിക്കുന്നു, അത് നമ്മെ കീഴ്പ്പെടുത്തുവാൻ അനുവദിക്കരുത്. അതിൽ നിന്നും ദൈവം നമുക്ക് കൊണ്ടുവരുന്ന നന്മ നാം കാണണം.

നമ്മുടെ വിശ്വാസം അഗ്നിപരീക്ഷയിൽ കൂടെ കടന്നു പോകുമ്പോൾ നാം

**സഹോദരന്മാരെ കുറിച്ചുള്ള കരുതൽ (3:1-8)**

ഭൗമിക കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിന് വിജയമോ അപകടമോ നേരിട്ടാൽ, ഉടൻ അതിൽ താൽപര്യം ജനിപ്പിക്കുകയും വൈകാരികമായ പ്രതികരിക്കയും ചെയ്യും. സാധാരണ, കുടുംബാംഗങ്ങൾക്ക് തമ്മിൽ തമ്മിലുള്ള കരുതൽ ആയുഷ്ക്കാലം നീണ്ടു നിൽക്കും. ആ ഒരു കരുതൽ നമ്മൾ ആരും ഉപേക്ഷയായി വിചാരിക്കുകയില്ല.

തന്റെ അനുയായികളുടെ മനോഭാവത്തെയും തമ്മിൽ തമ്മിലുള്ള ബന്ധത്തെയും വിവരിക്കുവാൻ ദൈവം തിരഞ്ഞെടുത്ത ശരിയായ സ്ഥാപനമായിരുന്നു കുടുംബം. അക്കാരണത്താൽ, കുടുംബ ബന്ധത്തെ പ്രായോഗികമാക്കി അന്യോന്യം ക്രിസ്തുവിലുള്ള നമ്മുടെ സഹോദരീ സഹോദരന്മാരുമായി എങ്ങനെ ചിന്തിക്കണം, എങ്ങനെ പെരുമാറണം, എങ്ങനെ പ്രവർത്തിക്കണമെന്ന് അറിയുവാൻ വളരെ കാര്യങ്ങൾ പഠിക്കണം.

ആദ്യ 2 അദ്ധ്യായങ്ങളിലെ ചിന്ത തന്നെയാണ് അദ്ധ്യായം 3 ലും തുടരുന്നത്. തങ്ങളുടെ പൂർവ്വ വിദ്യാർത്ഥികളുമായി പൗലൊസും, തിമാഥെയൊസും, ശിലാസും ഒത്തു ചേരുന്നു. തെസ്സലൊനിക്യയിലുള്ളവർ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നതു വിട്ടുകളഞ്ഞു ക്രിസ്തീയ ജീവിതം തുടങ്ങിയപ്പോൾ അതിന് സ്തോത്രം ചെയ്തതുപോലെ, അവരുടെ അപ്പോഴത്തെ അവസ്ഥയും ക്ഷേമത്തിലാകുവാൻ അവർ ആഗ്രഹിച്ചിരുന്നു. ആ കരുതൽ അത്ര ആഴത്തിലാകുവാൻ കാരമം എന്തായിരുന്നു? ആ പുതിയ ക്രിസ്ത്യാനികൾ ദൈവത്തിന്റെ ഭവനമായതിനാൽ, അവർ തങ്ങളുടെ സ്വന്ത കുടുംബത്തിലെ അംഗങ്ങളെ പോലെ കരുതി.

3:1–8 ലെ താൽപര്യ പ്രകടനങ്ങൾ നാം മനസിലാക്കുമ്പോൾ, ദൈവത്തിന്റെ ഭവനത്തെ കുറിച്ച് നാം എത്ര കരുതലുള്ളവരാകണം എന്നു തിരിച്ചറിയും. നമ്മുടെ ആത്മിയ സഹോദരീ സഹോദരന്മാരോടുള്ള നമ്മുടെ ആത്മിയ കരുതൽ നാ എങ്ങനെയാണ് പ്രകടിപ്പിക്കുന്നത്?

*തുടർച്ചയായി ബന്ധപ്പെട്ടുകൊണ്ടിരുക്കുക (3:1, 2).* നമ്മുടെ കുടുംബാഗംഗങ്ങളെ നാം വിട്ടുപരിയുകയോ അല്ലെങ്കിൽ, അവർ നമ്മെ വിട്ടുപിരിയുകയോ ചെയ്യുമ്പോൾ, നമുക്ക് അവരോടുള്ള താൽപര്യം നാം തുടരും. പല വിധത്തിലും, അവരോട് നമുക്ക് മുഖ്യമായും കരുതലുണ്ടാകും. അവരെ വിട്ടുപിരിഞ്ഞു പോയതിനാൽ, അവരെ സഹായിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും കഴിയുന്നില്ല എന്നതാണ് കാരണം. അതുപോലെ, നമ്മുടെ സഹോദരങ്ങളുടെ ക്ഷേമത്തെ കുറിച്ച് നാം ബോധവാന്മാരാകണം, അത് നാം അവരോടുകൂടെ ആണെങ്കിലും വേർപിരിഞ്ഞിരുന്നാലും നിർവ്വഹിക്കണം.

തെസ്സലൊനിക്യയിൽ യെഹൂദന്മാരാൽ ക്രിസ്തീയ ഉപദേഷ്ടാക്കന്മാർക്ക് നേരിട്ട നിന്ദ പ്രവൃത്തികൾ 17 ൽ വിവരിച്ചിരിക്കുന്നു. ആ യെഹൂദന്മാർ പൗലൊസിനേയും മറ്റുള്ളവരേയും ബെരോവ വരെ പിൻചെന്ന് അവിടെയുള്ള ആളുകളെയും അവർക്കെതിരെ ഇളക്കി വിടുവാൻ ശ്രമിച്ചു. സഹോദരന്മാർ പൗലൊസിനെ കുറിച്ച് കരുതലുള്ളവരായതിനാൽ അവനെ അവർ അഥേനയിലേക്ക് കൊണ്ടു പോയി, അവിടെ അവൻ തന്റെ സഹ–പ്രവർത്തകരിൽ നിന്നും ഒറ്റപ്പെടുട കഴിഞ്ഞു.

കഴിഞ്ഞ രണ്ടു പട്ടണങ്ങളിൽ നിന്നു ഓടി പോയ ശേഷം പരിചയമില്ലാത്ത

ടൗണിൽ ഒറ്റക്ക് താമസിക്കേണ്ടി വന്നു. തന്റെ ക്ഷേമത്തെ കുറിച്ചു പൗലൊസ് ഒരുപക്ഷെ വിസ്മയിച്ചു കാണും, എന്നാൽ അതിന് അവൻ തന്റെ സഹപ്രവർത്തകർ വന്നു ആശ്വസിപ്പിക്കയും സംരക്ഷിക്കുകയും ചെയ്യുമെന്ന് മാത്രം പ്രതീക്ഷിച്ചിരിക്കാം, എങ്ങനെയായാലും, അവന്റെ ചിന്ത അധികവും എരിവേറിയ യെഹൂദന്മാരുടെ ശത്രുതയിലായ യുവ പ്രായത്തിലായിരിക്കുന്ന തെസ്സലൊനിക്യ സഭയെ കുറിച്ചായിരുന്നു.

തിമൊഥെയൊസ് തന്റെ സഹ-പ്രവർത്തകനായിരിക്കുന്നതുപോലെ, ദൈവത്തിന്റെ സഹ-പ്രവർത്തകനുമായിരുന്നു എന്ന് അവൻ തിരിച്ചറിഞ്ഞിരുന്നു. ദൈവ വേല പൂർത്തിയാക്കുവാനായി പൗലൊസും തിമൊഥെയൊസും വീണ്ടും തെസ്സലൊനിക്യയിലേക്ക് പോയി–"നിങ്ങളെ നിങ്ങളുടെ വിശ്വാസത്തിൽ ഉത്തേജിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനും" (3:1, 2). ആ യുവ ക്രിസ്ത്യാനികളോടുള്ള തന്റെ കരുതൽ സഹോദരനായ തിമൊഥെയാസ് തസ്സലൊനിക്യരെ അറിയിക്കുമെന്ന് പൗലൊസിന് അറിയാമായിരുന്നു. "നിങ്ങളെ കുറിച്ചു പരമാർത്ഥമായി കരുതുവാൻ തുല്യ ചിത്തനായി തിമൊഥെയൊസ് അല്ലാതെ മറ്റാരുമില്ല" എന്നു പൗലൊസ് ഫിലിപ്പിയർ 2:20 ൽ പ്രതിപാദിച്ചിരിക്കുന്നു.

ടൗണുകൾ തോറും സഞ്ചരിച്ച് സഭകൾ ആരംഭിക്കുക മാത്രമായിരുന്നില്ല പൗലൊസിന്റെ പ്രവർത്തന രീതി, പിന്നെയോ, യുവ പരിവർത്തകരെ വളർത്തുവാനായി ലേഖനങ്ങൾ എഴുതി അയക്കുകയും, വ്യക്തിപരമായ സന്ദർശനങ്ങൾ നടത്തുകയും ചെയ്യുക എന്നതായിരുന്നു. പലപ്പോഴും പ്രതിസന്ധി ഘട്ടങ്ങളിലും, സഭ ആരംഭിച്ചിട്ട് നിലനിർത്തിക്കൊണ്ടുപോരുന്ന ഉദാഹരണങ്ങൾ നമുക്ക് പുതിയ നിയമത്തിൽ കാണുവാൻ കഴിയും.

ലോകത്തിൽ നിന്നു പ്രതികൂല സാഹചര്യങ്ങൾ നേരിട്ട യുവ ഇടവകകളെ ഉത്തേജിപ്പിക്കുവാൻ യാത്രചെയ്യുവാൻ സഹോദരന്മാർ തയ്യാറായത് എത്ര അനുഗ്രഹപ്രദമാണെന്ന് ഓർക്കുക! നാം സഹോദരന്മാരിൽ നിന്നു വേർപെട്ടിരിക്കുമ്പോൾ, തുല്യ ചിത്തരായ വേലക്കാർ നമുക്കിടയിലുള്ളതും, നമ്മെ ആത്മിക വർദ്ധനവിന് സഹായിക്കുന്നതും എത്ര അനുഗ്രഹകരമാണ്!

*എതിർപ്പ് വരുമെന്ന് മറ്റുള്ളവരെ മുന്നറിയിക്കുക (3:3, 4).* ദൈവത്തോട് എതിർക്കുന്നവരിൽ നിന്നും കുഴപ്പമുണ്ടാകുമെന്ന് തെസ്സലൊനിക്യർ ക്രിസ്ത്യാനികളായപ്പോൾ അവരെ മുന്നറിയിച്ചിരുന്നു. സത്യ ദൈവത്തിൽനിന്നും അവരെ അകറ്റുവാനായി സാത്താൻ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനെ അതിജീവിക്കുവാനായിട്ടായിരുന്നു പൗലൊസിന്റേയും ശിലാസിന്റേയും തിമൊഥെയോസിന്റേയും ഉപദേശങ്ങൾ. അവരുടെ പരിവർത്തനം കഴിഞ്ഞതുമുതൽ സംഭവിച്ചുകൊണ്ടിരുന്ന ഉപദ്രവങ്ങളെ നേരിടുവാൻ അവർക്ക് ഒരുക്കം ആവശ്യമായിരുന്നു. ക്രിസ്ത്യാനികളുടെ ഉപദേശത്തെ ഓർപ്പിക്കുന്നതാണ് ഈ ലേഖനം. തിമൊഥെയൊസും എതിർപ്പ് വരുമെന്ന് മുന്നറിയിച്ചിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല (3:3, 4).

ക്രിസ്ത്യാനികളാകുന്നതിനെ കുറിച്ച് നാം ആളുകളോട് പ്രസംഗിക്കുമ്പോൾ, അവരെ ദുഷ്ടശക്തികൾ എതിർക്കുമെന്ന കാര്യം നാം ചിലപ്പോൾ വിട്ടുകളയും, സാത്താന്റേയും അവന്റെ ദുതന്മാരുടേയും പീഢനങ്ങൾ അവർക്ക് അനുഭവപ്പെടും. ആ ആക്രമണം നമ്മെ നിരാശപ്പെടുത്തുകയും, ഒറ്റപ്പെടുത്തുകയും, ശാരീരികമായി ദണ്ഡിപ്പിക്കയും, കുറ്റപ്പെടുത്തുകയും ചെയ്ത്, സാത്താന്റെ വഴി ആകർഷണീയമാണെന്നും, ദൈവ വഴി കുഴപ്പമുള്ളതാണെന്നും വരുത്തി

തീർക്കും.

മറ്റുള്ളവരെ പ്രസാദിപ്പിക്കുവാനാണ് ആളുകൾ ''പരിവർത്തനം'' ചെയ്യുന്നതെങ്കിൽ, അവർ തങ്ങളുടെ വിശ്വസ്തതക്ക് വലിയ വില കൊടുക്കേണ്ടതായി വരും. ജനങ്ങളെ പ്രസാദിപ്പിക്കുന്നതിന് മാത്രമാണ് അവർ പരിവർത്തനം ചെയ്തതെങ്കിൽ, സാത്താൻ മറ്റുള്ളവരെ സ്വാധീനിച്ച്, അവരെ കീഴ്പ്പെടുത്തുവാൻ ശ്രമിക്കും. കാരണം ഭൂരിഭാഗം ആളുകളും സാത്താന്റെ ദാസന്മാരാണ്. സാത്താനോട് പോരാടുന്ന വിശ്വാസമാണുള്ളതെങ്കിൽ അവർ ദൈവത്തിൽ അധികം ആശ്രയിക്കയും, വിശ്വാസത്തിൽ ശക്തരാകുകയും ചെയ്യും. മനുഷ്യരെ പ്രസാദിപ്പിക്കുന്നതിനേക്കാൾ ദൈവത്തെ പ്രസാദിപ്പിക്കുന്നതിന് ഊന്നൽ കൊടുത്തിരിക്കുന്ന അദ്ധ്യായം 2 വിവരിക്കുന്നത്, ജ്ഞാന രീതിയാണ് വെളിപ്പെടുത്തിയിരിക്കുന്നത് (2:4). ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ തങ്ങളുടെ അനുയായികളെ മാത്രം നേടാക്കേണ്ടവരല്ല, കാരണം അവർ ദൈവത്തിന്റെ ശുശ്രൂഷക്കാരും, സദ്വാർത്താവാഹകരുമാണ്. ഉപദേഷ്ടാക്കന്മാരുടെ പെരുമാറ്റം, ആളുകളെ പ്രീതിപ്പെടുത്തുന്നതും മറ്റുള്ളവരെ ആകർഷിക്കുന്നതുമായിരിക്കണം, അതിന്റെ ലക്ഷ്യം ദൈവകൃപയിലേക്ക് ആളുകളെ നയിക്കുന്നതായിരിക്കണം, അങ്ങനെയുള്ള പെരുമാറ്റ മാതൃകയാണ് യേശുവിന്റേത്.

*മറ്റുള്ളവരുടെ വിശ്വാസം കണ്ടെത്തുക (3:5).* നമ്മുടെ സന്തകുടുംബക്കാരുടേയും ദൈവ ഭവനക്കാരുടേയും ഭൗതിക സുരക്ഷിതത്വത്തെ കുറിച്ച് നാം കരുതലുള്ളവരായിരിക്കും. എന്നാൽ ഓരോരുത്തരുടേയും ആത്മിയ സുരക്ഷിതത്വത്തെ കുറിച്ചും, ആത്മാക്കളുടെ നിത്യമായ ക്ഷേമത്തെ കുറിച്ചും നാം അധികം കരുതൽ ഉള്ളവരായിരിക്കണം.

താൻ തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികളെ വിട്ടുപോയപ്പോൾ, പൗലൊസ് ഭയപ്പെട്ടത് സ്വന്ത സുരക്ഷയെ കുറിച്ച് ഓർത്തായിരുന്നില്ല, പിന്നെയോ, തെസ്സലൊനിക്യയിലെ യുവ ക്രിസ്ത്യാനികളുടെ ആത്മാക്കളെ കുറിച്ച് ഓർത്തിട്ടായിരുന്നു. അവർ ആത്മിയമായി പരീക്ഷണങ്ങളെ എങ്ങനെ നേരിടുമെന്നോർത്തിട്ട് സഹിച്ചുകൂടാഞ്ഞിട്ടാണ് അവരുടെ ആത്മിയമായ അവസ്ഥ മനസിലാക്കുവാൻ അവൻ തിമൊഥെയൊസിനെ തെസ്സൊലൊനക്യയിലേക്ക് അയച്ചത്. ആ ക്രിസ്ത്യാനികളെ കുറിച്ച് അറിയുവാൻ അവൻ ആഗ്രഹിച്ചു!

ദൈവ സന്നിധിയിൽ മറ്റുള്ള ആത്മാക്കളുടെ ക്ഷേമ-കാര്യങ്ങളെ കുറിച്ച് കരുതുന്ന ഈ മനോഭാവം നമുക്ക് ഉണ്ടോ? ആത്മാക്കളെ കണ്ടെത്തുവാൻ നാം ആളുകളോട് ആവശ്യപ്പെടാറുണ്ടോ? മറ്റുള്ളവരുടെ ആത്മിയ-ക്ഷേമത്തിന് നാം ഊന്നൽ കൊടുക്കാറുണ്ടോ? എന്റേയും എന്റെ കുടുംബത്തിന്റേയും അല്ലെങ്കിൽ ഈ ഇടവകയുടേയും വിശ്വാസത്തെ കുറിച്ച് ആരെങ്കിലും വന്ന് ചോദിക്കുകയാണെങ്കിൽ, അത് എത്രമാത്രം ഉത്തേജനം നൽകും!

*സുവാർത്ത പങ്കിടുക (3:6-8).* നമ്മുടെ കുടുംബാംഗങ്ങളുടെ നല്ല വിശേഷം കേൾക്കുന്നത് നമ്മെ പ്രോൽസാഹിപ്പിക്കും. അത് ഒരുപക്ഷെ വാർത്താ മാദ്ധ്യമങ്ങളിൽ വരണമെന്നില്ല, എന്നാൽ അത് അറിയുമ്പോൾ, മാനുഷ്യ ബന്ധത്തിൽ സന്തോഷിക്കുവാൻ കഴിയും എന്നു ദൈവത്തിന് അറിയാം. ഏറ്റവും പ്രധാനമായി കരുതേണ്ട വാർത്ത ആത്മിയമായ വിശ്വസ്തതയും പുരോഗതിയുമാണ്. അല്ലേ?

നല്ല വാർത്തയുമായിട്ടാണ് തിമൊഥെയൊസ് തെസ്സലൊനിക്യയിൽ

നിന്നു തിരിച്ചെത്തിയത്-അത് വലിയ വാർത്തയായിരുന്നു! വിശ്വാസവും സ്നേഹവും സഹോദരന്മാരിൽ വ്യാപരിച്ചുകൊണ്ടിരുന്നു! അവരുടെ ഉപദേഷ്ടാക്കന്മാർ അവരെ വിട്ടു പോയിരുന്നു, ഉപദേഷ്ടാക്കന്മാരും തങ്ങളുടെ വിദ്യാർത്ഥികളെ വിട്ടുപോയിരുന്നു! എതിർപ്പുകളും ഉപദ്രവങ്ങളും അനുഭവപ്പെട്ടിരുന്നുവെങ്കിലും, ആ സുവാർത്ത പൗലൊസിനും സഹ-പ്രവർത്തകർക്കും വലിയ ആശ്വാസമാണ് നൽകിയത്.

വിശ്വാസവും സ്നേഹവും നിമിത്തം, അനുഭവപ്പെട്ട ബുദ്ധിമുട്ട് മാത്രമല്ല, അവർ തെസ്സലൊനികൃയുമായി പങ്കിട്ടത്, ദൈവം നൽകിയ ആശ്വാസവും അവരുമായി പങ്കിട്ടു. ക്രിസ്ത്യാനികൾക്ക് നേരിടുന്ന കുഴപ്പം അവരെ, ദുഃഖത്തിലും, നിരാശയിലും, വിഷാദത്തിലും ആഴ്ത്തുമെന്ന് ദൈവത്തിന് അറിയാമായിരുന്നു. അത്തരം സന്ദർഭങ്ങളിൽ വിശ്വാസവും സ്നേഹവും അവരെ ആശ്വസിപ്പിക്കുമെന്നും അവന് അറിയാം. ദൈവത്തിലുള്ള വിശ്വാസക്കുറവ് നിമിത്തമാണ്, ഭദ്രതയില്ലായ്മയും, നിരുൽസാഹവും അനുഭവപ്പെടുന്നത്. സ്നേഹക്കുറവ്, ഏകാന്തതയിലേക്കും, ഉൽസാഹമില്ലായ്മയിലേക്കും നയിക്കും.

ദൈവത്തിൽ ആശ്രയിക്കുന്നതിന് ആളുകളെ സഹായിക്കുന്നത് മൂല്യമുള്ള പ്രവൃത്തിയാണ്, അത് അനിശ്ചിത ലോകത്തിൽ ജീവിക്കുന്ന ആളുകൾക്ക് പ്രത്യാശ ഏകും. ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കുവാൻ ആളുകളെ സഹായിക്കുമ്പോൾ, അവരുടെ ആത്മാക്കൾക്ക് പുതുക്കം ലഭിക്കുകയും ജീവിതം സഫലമാകുകയും ചെയ്യും. ഇത്തരം ക്രിസ്തീയ പ്രവർത്തനങ്ങൾ നാം വളർത്തിയെടുക്കുമ്പോൾ, വിലയുള്ള ജീവിതങ്ങളും, ആരോഗ്യപ്രദമായ കുടുംബങ്ങളും, ശക്തമായ സഭകളും രൂപപ്പെടും.

അഥേനയിലുള്ള പൗലൊസിനും സഹ-പ്രവർത്തകർക്കും മറ്റുള്ളവരെ കുറിച്ചുള്ള സദ്വാർത്ത കേട്ടപ്പോൾ ആവേശഭരിതരായി! അവൻ പറഞ്ഞു, "ഞങ്ങൾ വീണ്ടും ജീവിക്കുന്നു." (3:8). അത് വാസ്തവത്തിൽ "ജീവിക്കുന്നത്" ആണ്:സാത്താൻ ശക്തമായ എതിർപ്പുകൾ ഉയർത്തിയിട്ടും പുതിയ ക്രിസ്ത്യാനികൾ വിശ്വസ്തരായി ദൈവത്തിന്റെ വശത്തു തന്നെ നിലനിൽക്കുന്നു എന്ന് അറിയുന്നത് തന്നെ! മറ്റുള്ളവരുടെ സ്ഥിരത കണ്ട് അവരെ നാം അനുമോദിക്കാറുണ്ടോ? അവരുടെ വിശ്വസ്തത നമ്മെ ത്രസിപ്പിക്കുന്നതാണ് എന്ന് അവർ അറിയുന്നുണ്ടോ? ഈ മനോഭാവം നാം വളർത്തി അന്യോന്യം പങ്കിടുകയാണെങ്കിൽ അവരും നമ്മളും നന്നാകും!

*ഉപസംഹാരം.* വേർപാട്, ഒറ്റപ്പെടൽ, ആശയവിനിമയക്കുറവ് എന്നിവ അവരുടെ ഉപദേഷ്ടാക്കന്മാർ അവിടെ നിന്നു പോയപ്പോൾ തെസ്സലൊനികൃയിൽ അനുഭവപ്പെടുമയിരുന്നു, പക്ഷെ ആ ഉപദേഷ്ടാക്കന്മാർ ആ യുവ ക്രിസ്ത്യാനികളുമായി ബന്ധപ്പെടുകയും അവരുടെ സദ്വർത്തമാനം കേട്ട് അവർക്ക് സന്തോഷമുണ്ടാകുകയും ചെയ്തു, അവർ തിരിച്ച് തെസ്സലൊനികൃയിലേക്ക് നന്ദി വാചകങ്ങൾ എഴുതി അയക്കുകയും ചെയ്തു.

വേർപാട്, ഒറ്റപ്പെടൽ, ആശയവിനിമയക്കുറവ് എന്നിവ നിമിത്തം നേരെ തിരിച്ചും സംഭവിക്കാം. ദൈവ മക്കളുടെ ആത്മിയ ക്ഷേമത്തിൽ താൽപര്യം കാണിക്കുന്നത് ബുദ്ധിമുട്ടുകൾ തരണം ചെയ്യുവാൻ സഹായകരമാകുകയും, അത് നമുക്കും മറ്റുള്ളവർക്കും ആശ്വാസവും സന്തോഷവും ലഭിക്കുകയും ചെയ്യും. തന്റെ ജനത്തിന്റെ ആത്മിയ ക്ഷേമത്തിൽ ദൈവം തൽപരനാണ്. വേർപിയുന്ന സമയങ്ങളിൽ പോലും-ഭവനങ്ങളിൽ വെച്ച്-ദൈവത്തോട്

ഏറ്റവും അടുത്തിരിക്കുന്നതാണ് ദൈവ ഭവനം. ദൈവജനത്തിന്റെ സദ്വാർത്തകൾ നാം അന്വേഷിക്കുകയും പങ്കിടുകയും വേണം. ടിപി

**അന്യോന്യം പ്രോൽസാഹിപ്പിക്കൽ (3:6-10)**

ഏതു തരം വിശേഷമാണ് തിമൊഥെയൊസ് പൗലൊസിന് നൽകിയത് (3:6–10)? നല്ല വിവരമാണ് അവൻ കൊണ്ടുവന്നത്. തെസ്സലൊനികൃരുടെ വിശ്വസ്തതയെ കുറിച്ച് അറിഞ്ഞപ്പോൾ അവന് ആശ്വാസം ലഭിച്ചു എന്നാണ് പൗലൊസ് പറഞ്ഞത്. അവർ കർത്താവിൽ വിശ്വസ്തമായി നിലനിൽക്കുന്നതിനാൽ അവൻ വാസ്തവമായും "ജീവിക്കുന്നു" എന്നാണ് പൗലൊസ് പറഞ്ഞത്. തെസ്സലൊനികൃരെ വീണ്ടും മുഖാമുഖമായി കാണുവാൻ പൗലൊസ് രാവും പകലും പ്രാർത്ഥിക്കുമായിരുന്നു.

സുവിശേഷം തെസ്സലൊനികൃയിലെത്തിയപ്പോൾ, വലിയോരു ദാനമായിരുന്നു അവർക്ക് ലഭിച്ചത്. ഇപ്പോൾ അവർ തിരിച്ച് പൗലൊസിന് അർത്ഥവത്തായ ചില കാര്യങ്ങൾ ചെയ്യുവാനുള്ള സമയമായിരിക്കുന്നു. ആ വലിയ അപ്പൊസ്തലന് അവർ ചെയ്യേണ്ടത് എന്തായിരുന്നു? എല്ലാ ക്രിസ്ത്യാനികളും അന്യോന്യം ചെയ്യേണ്ടതു തന്നെയായിരുന്നു തെസ്സലൊനികൃയിലുള്ളവരും ചെയ്യേണ്ടിയിരുന്നത്. അവർ അവനെ പ്രോൽസാഹിപ്പിച്ചു.

ഏതു രീതിയിലാണ് നമുക്ക് അന്യോന്യം ഉത്തേജിപ്പിക്കുവാൻ കഴിയുന്നത്?

*പരസ്പരം ഓർക്കുന്നതിനാൽ.* തെസ്സലൊനികൃ സഭയെ കുറിച്ചുള്ള വിവരം തിമൊഥെയൊസിൽ നിന്നു മനസിലാക്കുവാൻ പൗലൊസ് ആകാക്ഷയോടെ കാത്തിരുന്നു. തിമൊഥെയൊസ് മടങ്ങി വന്നപ്പോൾ, അവനോട് പറഞ്ഞത്, അവർ നിരന്തരം പൗലൊസിനെ ഓർത്തിരുന്നു എന്നാണ്. അവരുട ഹൃദയത്തിൽ അവന് സ്ഥാനം ഉണ്ടായിരുന്നു. നമ്മുടെ സഹോദരങ്ങൾ നമ്മെ ഓർക്കുന്നു എന്നറിയുന്നത് വലിയ കാര്യമാണ്.

*ഒത്തു ചേരുവാൻ കാംക്ഷിക്കുക.* തെസ്സലൊനികൃർ പൗലൊസിനെ കാണുവാൻ ആകാംക്ഷയോടെ കാത്തിരുന്നു എന്നാണ് പൗലൊസിനോട് പറഞ്ഞത്. വീണ്ടും അവനോടുകൂടെ ചേരുവാനായിരുന്നു അവർ വാഞ്ഛിച്ചു കാത്തിരുന്നത്.

*കർത്താവിൽ ഉറച്ചുനിൽക്കൽ.* ഉപദ്രവങ്ങൾ അനുഭവപ്പെട്ടിട്ടും, തെസ്സലൊനികൃർ കർത്താവിൽ ഉറച്ചു നിന്ന കാര്യം പൗലൊസിനെ സന്തോഷിപ്പിച്ചു എന്നാണ് അവൻ പറഞ്ഞത്. അതിനാൽ തനിക്ക് "ജീവിക്കുവാൻ" കഴിയുന്നു എന്ന് അവന് പറയുവാൻ കഴിഞ്ഞു.

അന്യോന്യം പ്രബോധിപ്പിക്കുന്നതിനുള്ള ലളിതമായ ഒരു വഴി, പ്രത്യേകിച്ച് ദൂരെയിരിക്കുമ്പോൾ:പരസ്പരം ഓർക്കുകയും, ഒരുമിച്ച് ചേരുവാൻ വാഞ്ഛിക്കുകയും, കർത്താവിൽ ഉറച്ചു നിൽക്കുകയും ചെയ്യുക. ഈസി

**മറ്റുള്ളവരുടെ ശക്തിയിൽ ആശ്വാസം കണ്ടെത്തൽ (3:6-13)**

തെസ്സലൊനികൃരുടെ ശക്തമായ വിശ്വാസത്തിൽ പൗലൊസിന് ആശ്വസിക്കുവാൻ കഴിഞ്ഞു (വാ. 7). ഗ്രീസിൽ വെച്ച് പൗലൊസിന് ദുഃഖമുണ്ടായെങ്കിലും (പ്രവൃത്തികള് 17; 18), തെസ്സലൊനികൃാ സഭ "വിശ്വാസത്തിലും," "സ്നേഹത്തിലും," പൗലൊസിനോടുള്ള ദയവിലും ആണെന്ന തിമൊഥെയൊസ് കൊണ്ടു വന്ന സദ്വാർത്ത അവനെ ആശ്വസിപ്പിച്ചു (വാ. 6).

ആ യുവ സഭ ആത്മിക വർദ്ധനയിലായിരുന്നത് വാസ്തവത്തിൽ പൗലൊസിനെ സന്തോഷിപ്പിച്ചു. "പിതാവിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെട്ട ക്രിസ്തു ഇരിക്കുന്ന" ഉയരത്തിലായിരുന്നു പൗലൊസിന്റെ ചിന്ത ഇതു നമ്മെ ഓർപ്പിക്കുന്നു (കൊലൊ. 3:1). അവന്റെ മനസിന് ആശ്വാസം ലഭിച്ചു.

അതുകൊണ്ട്, പൗലൊസ് തെസ്സലൊനിക്യർക്ക് വേണ്ടി പ്രാർത്ഥിച്ചു. അവൻ അവർക്ക് വേണ്ടി ദൈവത്തോട് സ്തോത്രം ചെയ്തു (വാ. 9). "ധഅവരുടെപ വിശ്വാസത്തിൽ കുറവായി ധഉള്ളത്പ" നികത്തുവാനും, ധഅവരുടെപ മുഖം അവനു കാണുവാനും കഴിയേണ്ടതിനും അവർ പ്രാർത്ഥിച്ചു (വാ. 10). "തമ്മിൽ തമ്മിലും, സകല മനുഷ്യരോടുമുള്ള സ്നേഹത്തിൽ വർദ്ധിച്ചു വരുവാനുമായും അവർ അവർക്ക് വേണ്ടി പ്രാർത്ഥിച്ചു" (വാ. 12). കൂടാതെ, യേശു വീണ്ടും വരുമ്പോൾ, അവന്റെ പ്രത്യക്ഷതയിൽ, അവർ അനിന്ദ്യരായി കാണപ്പെടേണ്ടതിനും അവൻ അവർക്ക് വേണ്ടി അവസാനമായി അവൻപ്രാർത്ഥിച്ചു (വാ. 13).

തെസ്സലൊനിക്യരുടെ ആത്മിയ അഭിവൃദ്ധിയിൽ പൗലൊസിന് ആശ്വസിക്കുവാൻ കഴിഞ്ഞതുപോലെ, സഭയുടെ ആത്മിക വർദ്ധനയിൽ നമുക്കും ആശ്വാസം ലഭിക്കും എന്നോർക്കുക. നാം പരസ്പരം സഹ-ക്രിസ്ത്യാനികളുടെ ആത്മികമായ അഭിവൃദ്ധിയിൽ താൽപര്യമുള്ളവരാണോ? നാം അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നുണ്ടോ? നാം അവരെ പ്രോൽസാഹിപ്പിക്കുവാൻ ശ്രമിക്കണം, പ്രത്യേകിച്ച് പുതിയ പരിവർത്തകരെ. അവർ വിശ്വാസത്തില് തങ്ങളുടെ ജീവിതം മരണത്തോളം നയിക്കുകയും കർത്താവിന്റെ പ്രത്യക്ഷതയിൽ, കുറ്റമില്ലാത്തവരായി കാണപ്പെടേണതിന്നും അവർക്കായി പ്രാർത്ഥിക്കണം. ഈഈ

**പരസ്പരം സന്തോഷിക്കണം (3:9, 10)**

തെസ്സലൊനിക്യയിലെ സഹോദരന്മാരെ കുറിച്ച് ചിന്തിക്കുമ്പോൾ, അവന്റെ ഹൃദയം സന്തോഷംകൊണ് നിറഞ്ഞു കവിയുകയാണ്. അവൻ അവരെ പ്രിയരായി സ്നേഹിക്കുകയും, അവരുടെ അടുക്കലേക്ക് തിമൊഥെയൊസിനേയും ശിലാസിനേയും അയക്കുകയും ചെയ്തു. കുട്ടികളുടെ വിശ്വസ്തതയിൽ സന്തോഷിക്കുവാൻ കഴിയുന്ന ഒരു അപ്പനെ പോലെ ആയിരുന്നു അവൻ.

തെസ്സലൊനിക്യർക്കു വേണ്ടി അവൻ എങ്ങനെയാണ് നന്ദി ചെലുത്തിയത്? പൗലൊസിന്റെ പ്രവൃത്തികളും ആവശ്യങ്ങളും പരിഗണിച്ചാൽ, ശരിയായതും ബൈബിൾ സംബന്ധവുമായ അനുമോദന പ്രകടനം നമുക്ക് കാണുവാൻ കഴിയും.

*ദൈവമുൻപാകെ സന്തോഷിക്കൽ.* സഹ ക്രിസ്ത്യാനികൾക്കായി സതോത്രം ചെയ്യുക എന്നത് ്വാഭാവികമാണ്-ദൈവത്തിന് സ്തോത്രം ചെയ്യുക.

തെസ്സലൊനിക്യർക്ക് വേണ്ടി പൂർണ്ണമായി നന്ദി ചെലുത്തുവാൻ പൗലൊസിന് കഴിഞ്ഞിരുന്നില്ല. "എന്തിനു വേണ്ടിയാണ് നാം നന്ദി ചെലുത്തുക?" എന്ന ചോദ്യമാണ് അവൻ ചോദിക്കുന്നത്.

ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കു തിരിച്ചുള്ള കടമയിൽ ഒന്നാണ് സ്തോത്രം ചെയ്യൽ. ലഭിച്ച് അനുഗ്രഹങ്ങൾക്ക് തിരിച്ച് പ്രതികരിക്കേണ പ്രാധാന്യത്തെ കാണിക്കുന്ന ഇരട്ട സംയുക്ത ക്രിയയാണ് "റെന്റർ." ആ ആളകുൾ സന്തോഷിക്കുകയായിരുന്നു, സന്തോഷം അവരുടെ ഉള്ളിൽ നിറഞ്ഞു കവിഞ്ഞിരുന്നു, തങ്ങളുടെ സഹോദരങ്ങൾക്ക് വേണി മതിയായ വിധത്തിൽ

നന്ദി പ്രകടിപ്പിക്കുവാൻ കഴിയുന്നില്ലല്ലോ എന്നതായിരുന്നുഅവരുടെ തോന്നൽ.

തെസ്സലൊനിക്യരോടട് എങ്ങനെ സ്തോത്രം ചെയ്യണമെന്ന ആലോചയ ുടെ അവസാന ഘട്ടത്തിലായിരുന്നു പൗലൊസ്. ആ രണ് അനുഗ്രഹങ്ങൾ അവർക്ക് പകർന്നു കൊടുത്തതിന് സന്തോഷിക്കുവാനല്ലാതെ അവന് മറ്റെന്തു ചെയ്യുവാൻ കഴിയും എന്നതായിരുന്നു അവന്റെ ഉള്ളിൽ.

*അവർ ഒരുമിച്ചേക്കാം.* അധികം താമസിക്കാതെ ക്രിസ്ത്യാനികൾ തമ്മിൽ ഒരുമിക്കുവാനാണ് എപ്പോഴും പ്രാർത്ഥിക്കുന്നത്. ക്രിസ്ത്യാനികൾ വലിയ ഒരു കുടുംബം പോലെ ആണ്. നമ്മെ തമ്മിൽ ബന്ധപ്പിക്കുന്ന ശക്തി ഭൂമി യിലെ മറ്റേതൊരു ശക്തിയേക്കാളും വലുതാണ്. യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടവർ ഒന്നിക്കുവാൻ ആഗ്രഹിക്കുന്നത് സ്വാഭാവികമാണ്.

പൗലൊസിന്റെ ഈ സന്ദർഭത്തിലെ പ്രാർത്ഥനയിൽ നിന്നു രണ്ട് സത്യങ്ങൾ ഉരുത്തിരിയുന്നു. ഒന്ന് പൗലൊസിന് അവരോടൊത്തു ചേരുവാന ുള്ള അതിയായ വാഞ്ഛ. താൻ ഇടവിടാതെ പ്രാർത്ഥിക്കുന്നു എന്നാണ് അവൻ പറഞ്ഞത്. അവൻ ഉപയോഗിച്ച വാക്ക് ὑπερεκπερισσοῦ (*ഹൂപ്പർഎക്പെ രിസൗ*) പുതിയ നിയമത്തിൽ മൂന്നു പ്രാവശ്യം മാത്രമാണുള്ളത്, പൗലൊസ് മാത്രമാണ് ഉപയോഗിച്ചിട്ടുള്ളതും. ഇവിടെ അത് വാക്യം 10 ൽ കാണാം, "മോസ്റ്റ് ഏണെസ്റ്റ്ലി" എന്നാണ് തർജിമ ചെയ്തിരിക്കുന്നത്; 5:13 ൽ തർജിമ ചെയ്തിരിക്കുന്നത് "വെരി ഹൗലി" എന്നാണ്; പിന്നെ എഫെസ്യർ 3:20 ൽതർജിമ ചെയ്തിരിക്കുന്നത് "ഫാർ മോർ അബണ്ടൻലി" എന്നാണ്. അങ്ങനെ അവൻ പ്രാർത്ഥനയിൽ തന്റെ അതിയായ വാഞ്ഛ പ്രകടിപ്പിച്ചിരിക്കുകയാണ്. അവൻ വാസ്തവത്തിൽ അവരെ ചെന്നു കാണുവാൻ ആഗ്രഹിച്ചിരുന്നു. രണ്, അവന്റെ ആ വാഞ്ഛ തുടർച്ചയായുള്ളത് ആയിരുന്നു. രാവും പകലും അവൻ പ്രാർത്ഥിച്ചിരുന്നു എന്നാണ് പറഞ്ഞത്. അവരോട് ചേരുവാനുള്ള അവന്റെ ഇഛ നിരന്തരമായിരുന്നനു. അവന്റെ ശരീരം കൊണ് ദൂരെ ആയിരുന്നു എങ്കി ലും. അവന്റെ ഹൃദയം എപ്പോഴും അവരോടുകൂടെ ആയിരുന്നു.

*അങ്ങനെ അവർ ഓരോരുത്തരുടേയും വിശ്വാസ വളർച്ചക്കുള്ളത് സംഭാ വന ചെയ്തു.* അപ്പൊസ്തൊലിക കൈവെപ്പിനാൽ അത്ഭുത വരങ്ങൾ തെസ്സ ലൊനിക്യർക്ക് പകുത്തു കൊടുത്തു എങ്കിലും, അന്യോന്യം ഉത്തേജിപ്പിച്ച് ആത്മിയ വളർച്ചക്ക് സഹായിക്കണം എന്ന സൂചനയാണ് അവന്റെ വാഞ്ഛ സൂചിപ്പിക്കുന്നത്. തീർച്ചയായും, ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങ ളായ അംഗങ്ങൾക്ക് വ്യക്തിപരമായ വളർച്ചക്കുള്ള സാഹചര്യം നാം ഒരുക്കി കൊടുക്കണം.

പൗലൊസ് സ്നേഹിച്ചതുപോലെ നാം ക്രിസ്ത്യാനികളെ സ്നേഹിക്കു മ്പോൾ, പ്രാർത്ഥനയിൽ ആ സ്നേഹം നമുക്ക് മൂന്നു വിധത്തിൽ പ്രകടിപ്പി ക്കുവവാൻ കഴിയും: നമ്മുടെ സഹോദരങ്ങൾക്ക് വേണ്ടി സ്തോത്രം ചെയ്തു കൊണ്ട്, നാം അവരോടുകൂടെ ചേരേണ്ടതിന് പ്രാർത്ഥിച്ചുകൊണ്ട്, അവരുടെ ആത്മിയ വളർച്ചക്ക് ആവശ്യമായ സംഭാവന ചെയ്തുകോണ്ട്. നമ്മുടെ സഹോ ദരവർഗ്ഗത്തെ കുറിച്ചുള്ള നമ്മിലുള്ള ചിന്ത ഇതാണോ? ഈസി

**ദൈവത്തിൽ വളരൽ (3:9-13)**

അഥേനയിലുള്ള പൗലൊസിന് തെസ്സലൊനിക്യയിലുള്ള യുവ ക്രിസ്ത്യാ നികളെ കുറിച്ചുള്ള സദ്വർത്തമാനം ആവേശഭരിതനാക്കി. ഉപദ്രവിക്കപ്പെട്ട ആ

പുതിയ ക്രിസ്ത്യാനികളുടെ ആത്മിയ ക്ഷേമത്തെ കുറിച്ച് അവൻ വിചാരപ്പെട്ടിരുന്നു. തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾക്കൊപ്പം ഏതാനും നാളുകൾ ചെലവിട്ട ശേഷം തിമൊഥെയൊസ് അവരെ കുറിച്ച് നല്ല വർത്തമാനം പൗലൊസിനെ അറിയിച്ചപ്പോൾ അവന്റെ വിചാരം പോയി പകരം ആശ്വാസം ലഭിച്ചു.

പൗലൊസിന്റെ പ്രതികരണം എന്തായിരുന്നു? അവൻ നന്ദിയുള്ളവനായിരുന്നു, ആ നന്ദി അവൻ പ്രകടിപ്പിക്കുകയും, അവരുടെ ഭാവിയെ കുറിച്ച് അവൻ ശ്രദ്ധയുള്ളവനാണെന്ന് അവരെ ബോധ്യമാക്കുകയും ചെയ്തു. ദൈവം അവരുടെ ആത്മിയ വളർച്ചക്ക് സഹായകരമായതു ചെയ്യുമെന്നും അവന് ഉറപ്പുണ്ടായിരുന്നു. ആ ലക്ഷ്യങ്ങൾ കവരിക്കുവാൻ അവൻ താൽപര്യപ്പെടുക മാത്രമല്ല, അവക്കായി അവൻ ദൈവത്തോട് യാചിക്കുകയും ചെയ്തു. ഇപ്പോൾ ആ പ്രാർത്ഥനയെ കുറിച്ചും തെസ്സലൊനിക്യരെ അറിയിച്ച് അവരെ പ്രോൽസാഹിപ്പിക്കുവാൻ ശ്രമിക്കുന്നു.

ഒന്നാം-നൂറ്റാണ്ടിലെ ക്രിസ്ത്യാനിത്വത്തെ കുറിച്ച് നാം വായിച്ച് മനസിലാക്കുമ്പോൾ, ഇന്ന് നമ്മുടെ സഹക്രിസ്ത്യാനികളെ കുറിച്ചുള്ള ചിന്ത താരതമ്യം ചെയ്യാവുന്നതാണ്. മറ്റു ക്രിസ്ത്യാനികളുടെ ആത്മിയ വളർച്ചക്ക് സഹായകരമായ വിധത്തിൽ നമുക്ക് എങ്ങനെ ക്രിസ്ത്യാനിത്വം പ്രായോഗികമാക്കാം?

*സ്തോത്രത്തോടെ പ്രാർത്ഥിക്കുക (3:9, 10).* തെസ്സലൊനിക്യർ വിശ്വാസത്തിലും സ്നേഹത്തിലും തുടരുന്നു എന്ന നല്ല വാർത്ത കേട്ടപ്പോൾ, ആ സന്തോഷം പ്രകടിപ്പിക്കുവാൻ തക്ക വാക്കുകൾ തന്നെ പോരായിരുന്നു. ആ ക്രിസ്ത്യാനികൾ അപ്പോഴും ജീവിക്കുന്നു എന്നു കേട്ട അപ്പൊസ്തലൻ സന്തോഷം കൊണ്ട് മതിമറന്നു: "നിങ്ങളെച്ചൊല്ലി ഞങ്ങൾ സന്തോഷിക്കുന്ന സകല സന്തോഷത്തിനും തക്കതായി ദൈവത്തിന് എന്തോരു സ്തോത്രം ചെയ്യുവാൻ കഴിയും?" (3:9).

ഭൂരിഭാഗം പേരും ദൈവത്തെ പിൻപറ്റാത്ത പട്ടണത്തിൽ ചെറിയ ഒരു കൂട്ടം ക്രിസ്ത്യാനികളായി ജീവിക്കുന്നവരുടെ ആത്മിയ-ക്ഷേമത്തെ കുറിച്ച് പൗലൊസ് അത്യധികമായി വിചാരപ്പെട്ടിരുന്നു. അതിനു പുറമെ, പട്ടണത്തിന്റെ അഗീകൃത മതത്തെ ഉപേക്ഷിച്ചവരെ കുടുംബക്കാരും, ശേഷിച്ച സമൂഹവും പുറത്താക്കുമായിരുന്നു, കൂടാതെ, പട്ടണത്തിലെ സാധാരണ പൗരന്മാർക്കുള്ള ആനുകൂല്യമോ, ജോലിയോ, സൗഹൃദമോ ലഭിച്ചിരുന്നില്ല. അങ്ങനെയുള്ള അവസ്ഥയിൽ അവർ വിശ്വസ്തരായിരിക്കുന്നു എന്ന് കേട്ടപ്പോൾ, പൗലൊസിന് വലിയ ആശ്വാസമായി. ദൈവത്തോടുള്ള അവരുടെ സമർപ്പണവും, വിശ്വാസവും സഹോദരന്മാരെ സ്നേഹിച്ച് പ്രോൽസാഹിപ്പിക്കലും ആ ക്രിസ്ത്യാനികളെ ശക്തരാക്കി.

നമ്മുടെ ജീവിതത്തിലും മറ്റുള്ളവരുടെ ജീവിതത്തിലും, സ്തോത്രം ചെയ്യുവാൻ എത്രമാത്രം അനുഗ്രഹങ്ങളാണ് ലഭിച്ചിരിക്കുന്നത് എന്നു തിരിച്ചറിയുമ്പോൾ, അത് പ്രകടിപ്പിക്കുവാൻ നമുക്ക് ചിലപ്പോൾ വാക്കുകൾ പോലും ലഭിക്കാറില്ല, എങ്കിലും നമുക്ക് പ്രാർത്ഥിക്കാം: "ഇടവിടാതെ പ്രാർത്ഥിക്കുവിൻ; എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ; അതല്ലൊ ക്രിസ്തുയേശുവിൽ ദൈവേഷ്ടം" (5:17, 18). നമ്മുടെ ജീവിതത്തിൽനിന്ന് ദൈവം എല്ലായ്പോഴും സ്തോത്രത്തോടുകൂടിയുള്ള പ്രാർത്ഥയാണ് പ്രതീക്ഷിക്കുന്നത്!

*ഭാവി വളർച്ചക്ക് പദ്ധതി തയ്യാറാക്കുക (3:10).* തെസ്സലൊനിക്യരുടെ ഭൂതകാല വിശ്വസ്തതക്കും, വർത്തമാനകാല ക്ഷേമത്തിനും പൗലൊസ് ദൈവത്തിന് സ്തോത്രം ചെയ്യുന്നു, അതൊടൊപ്പം അവരുടെ ഭാവി വളർച്ചയിലും

അവൻ തൽപരനായിരുന്നു. അക്കാരണത്താൽ, അവൻ തെസ്സലൊനിക്യയിലെ സഹോദരന്മാരോട് ഒത്തു ചേരുവാൻ ആഗ്രഹിക്കുകയും, അവരുടെ വിശ്വാസത്തിലെ കുറവ് "നികത്തുവാനും" അവൻ ഇഛിച്ചു (3:10).

നമ്മുടേയും മറ്റു സഹോദരന്മാരുടേയും ആത്മിയ വളർച്ച നാം പ്രതീക്ഷിക്കണം. ഇപ്പോഴുള്ള ഗുണങ്ങളും കഴിവുകളും നാം മനസിലാക്കിയാൽ, ആത്മിയവളർച്ചക്ക് ദൈവ വചനം എങ്ങനെ പ്രായോഗികമാക്കാം എന്നു തിരിച്ചറിയുവാൻ കഴിയും. ഈ ലേഖനം എഴുതിയ സമയത്ത്, വ്യക്തിപരമായ സന്ദർശനം അസാധ്യമായിരുന്നു; അത്തരത്തിലുള്ള സന്ദർശനം സാധ്യമാകുന്നതുവരെ ലേഖനം സഹോദരങ്ങളെ ഉത്തേജിപ്പിക്കുവാൻ സഹായകരമായിരുന്നു. ഈ ലേഖനത്തിലെ ശേഷിച്ച വേദഭാഗങ്ങളും തെസ്സലൊനിക്യർക്ക് എഴുതിയ രണാം ലേഖനവും നാം വായിച്ചാൽ അവരുടെ വിശ്വാസത്തിലെ കുറവിനെ സംബന്ധിച്ച ഒരു ഉൾക്കാഴ്ച്ച നമുക്ക് ലഭിക്കും.

*ദൈവഹിതം നിങ്ങളുടെ ജീവിതത്തെ വാഴുമാറാകട്ടെ (3:11).* പൗലൊസ് എത്രത്തോളം ആ സഹോദരന്മാരോടൊപ്പം ആകുവാൻ ആഗ്രഹിച്ചുവോ, അത്രത്തോളം അവൻ അവിടെ എങ്ങനെ എത്തുമെന്ന് ദൈവം തീരുമാനിക്കട്ടെ എന്നു ദൈവം നിശ്ചയിക്കട്ടെ എന്നു തീരുമാനിച്ചു. "ഞങ്ങളുടെ ദൈവവും പിതാവുമായവനും നമ്മുടെ കർത്താവായ യേശുവും ഞങ്ങൾ നിങ്ങളുടെ അടുക്കൽ വരുവാൻ വഴി നിരത്തിത്തരുമാറാകട്ടെ" (3:11). ദൈവ സേവനത്തിനുള്ള തെസ്സലൊനിക്യയിലേക്കു പോകുവാൻ ശ്രമിച്ചതെല്ലാം തടസപ്പെട്ടിരിക്കാം, പക്ഷെ ദൈവേഷ്ടമനുസരിച്ച് പ്രവർത്തിക്കുവാൻ അവൻ തയ്യാറായിരുന്നു.

അതുപോലെ, നമ്മുടെ പദ്ധതികൾ നമ്മുടെ സ്വന്തം ഉദ്ദേശപ്രകാരമാകാതെ. ദൈവഹിതത്തിന് നമ്മെ തന്നെ കീഴ്പ്പെടുത്തണം. യാക്കോബ് 4:15 പ്രകാരം നാം ഇങ്ങനെ പറയണം, "ദൈവേഷ്ടമെങ്കിൽ നാം ജീവിച്ചിരുന്നു ഇന്നിന്നത് ചെയ്യു." നാം ചിന്തിക്കയും, സംസാരിക്കുകയും, പ്രാർത്ഥിക്കുകയും വേണം, അതോടൊപ്പം ചെയ്യുന്നതെല്ലാം ദൈവേഷ്ടപ്രകാരം നടക്കുവാൻ ദൈവത്തെ അനുവദിക്കയും വേണം.

*സ്നേഹിക്കുക, സ്നേഹിക്കുക, സ്നേഹിക്കുക (3:12).* ആ ക്രിസ്ത്യാനികൾക്ക് സ്നേഹം ഉണ്ടായിരുന്നതായി അവരോട് പറഞ്ഞു. അവർ സ്നേഹത്തിൽ നിറയുവാൻ അവൻ പ്രാർത്ഥിക്കുകയും, അവർ സ്നേഹത്തിൽ നിറഞ്ഞുകവിയുവാൻ അവൻ ആഗ്രഹിക്കുന്നതായും അറിയിച്ചു! അവരുടെ ആ സ്നേഹം സന്തോഷവും ആശ്വാസവും കൊണുവരുമെന്നും അവൻ പറഞ്ഞു (3:6–9). കൂടാതെ അവരുടെ തമ്മിൽ തമ്മിലുള്ള സ്നേഹം വലുതായിരുന്നു എന്നും അവൻ അവരെ ബോധ്യപ്പെടുത്തി (4:9, 10). അപ്പോഴും ആ ക്രിസ്ത്യാനികൾ സ്നേഹത്തിൽ വർദ്ധിച്ചുവരുന്നതിനായി അപ്പൊസ്തലൻ പ്രാർത്ഥിച്ചു (3:12). ക്രിസ്തീയ ജീവിതത്തിൽ സ്നേഹം വളരെ പ്രധാനപ്പെട്ടതാണെന്ന് ഇത് തെളിയിക്കുന്നു! സ്നേഹത്തിന്ന് പകരം മറ്റൊന്നില്ല!

ദൈവസ്നേഹത്തിന് പുതിയ നിയമം ഊന്നൽ നൽകിയിരിക്കുന്നു, ദൈവജനം ദൈവസ്നേഹത്തെ പ്രതിഫലിപ്പിക്കേണ്ടവരാണ് എന്നും അതു പഠിപ്പിക്കുന്നു. യോഹന്നാൻ എഴുതി, "ദൈവം സ്നേഹം തന്നെ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു" (1 യോഹ. 4:16). ക്രിസ്തുവിന്റെ–സ്നേഹമാണ് അവന്റെ അനുയായികളെ തിരിച്ചറിയിക്കുന്ന അടയാളം: "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന പുതിയോരു കൽപന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേ

ഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നെ; നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും" (യോഹ. 13:34, 35).

ദൈവത്തിന്റേയും ക്രിസ്തുവിന്റേയും സ്നേഹവും, ആ സ്നേഹം ദൈവ ജനത്തിൽ പ്രതിഫലിപ്പിക്കയും വേണം എന്ന ആശയം നാം പഠിക്കയും പ്രായോഗികമാക്കുകയും വേണം! ഈ ആശയങ്ങൾ പുതിയ ക്രിസ്ത്യാനികളുടെ ക്രിസ്തീയ ജീവിതത്തിൽ സ്വഭാവമാക്കി തീർക്കണം.

*ഹൃദയത്തിൽ നിർമ്മലത വേണം (3:13).* വാക്യം 13 സ്നേഹത്തെ കുറിച്ചുള്ള വിലയേറിയ വാക്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ഹൃദയത്തിൽ സനനേഹം നിറഞ്ഞുകവിയുകയാണെങ്കിൽ, നമുക്ക് ആരെയും ദുരുദ്ദേശത്തോടെ കുറ്റപ്പെടുത്തുവാൻ കഴിയുകയില്ല, കാരണം നാം ദൈവത്തിന്റെ ലക്ഷ്യമാണ് ജനങ്ങൾക്ക് കാണിച്ചുകൊടുക്കേണ്ടത്. ദൈവം "നമ്മുടെ ഹൃദയങ്ങളെ പരിശോധിക്കുമെന്ന്" ആ സഹോദരങ്ങളെ മുമ്പുകൂട്ടി അറിയിച്ചതാണ് (2:4). നാം പലപ്പോഴും തെറ്റുകൾ ചെയ്യും, ഏറ്റു പറയുമ്പോൾ ദൈവം ക്ഷമിക്കയും ചെയ്യും, പക്ഷെ നമ്മുടെ ഹൃദയത്തിൽ സന്തോഷം നിറഞ്ഞു കവിയണം എന്നാണ് ദൈവവത്തിന്റെ ഇഷ്ടം. "കർത്താവായ യേശുക്രിസ്തു തന്റെ സകല വിശുദ്ധന്മാരുമായി പ്രത്യക്ഷനാകുമ്പോൾ, ധഅവന്റെപ സന്നിധിയിൽ നമ്മുടെ ഹൃദയം കുറ്റമില്ലാതെ വിശുദ്ധമായി കാണപ്പെടുവാൻ അവൻ ആഗ്രഹിക്കുന്നത്."

യേശുക്രിസ്തുവിന്റെ വരവിനായി തെസ്സലൊനിക്യർ എങ്ങനെയാണ് ഒരുങ്ങിയത്? അത് ഒരു പ്രധാനപ്പെട്ട ചോദ്യമാണ്! ക്രിസ്ത്യാനിയായി തീരുന്നതിന്റെ ഭാഗമാണ് കർത്താവിന്റെ വീണ്ടും വരവിനായി ഒരുങ്ങുക എന്നത് (1:10). അത് ക്രിസ്ത്യാനികളുടെ സന്തോഷപ്രദമായ പുനഃസമ്മേളനവും ആണ് (2:19, 20).

നമ്മുടെ നീതി പ്രവൃത്തികൾകൊണ്ട് നാം വിശുദ്ധരായവരല്ല എന്ന് നാം ഓർക്കണം, കാരണം "സകല മനുഷ്യരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായി തീർന്നു" (റോമ. 3:23). ദൈവത്തിന് തിന്മ സഹിക്കാവുന്നതല്ല എന്നും നാം അറിയണം: "നീ ദുഷ്ടതയിൽ പ്രസാദിക്കുന്ന ദൈവമല്ല; ദുഷ്ടൻ നിന്നോടുകൂടെ പാർക്കുകയില്ല" (സങ്കീ. 5:4).

അവന്റെ വിശുദ്ധി പങ്കിടുവാനായി ദൈവത്താൽ-നൽകപ്പെട്ട യേശുവിന്റെ യാഗത്തിൽ നാം ആശ്രയിക്കണം: "നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്ന് അവൻ നമുക്ക് വേണ്ടി പാപം ആക്കി" (2 കൊ. 5:21). ക്രിസ്തു വീണ്ടും വരുമ്പോൾ അവന്റെ പ്രത്യക്ഷതയിൽ നാം വിശുദ്ധരായി കാണപ്പെടുന്നത് ക്രിസ്തു മുഖാന്തരം മാത്രമാണ്. നമ്മുടെ ഹൃദയം നിർമ്മലമാകുവാൻ ആ തെസ്സലൊനിക്യരെ പോലെ ദൈവത്തിൽ ആശ്രയിക്കണം.

*ഉപസംഹാരം.* ക്രിസ്തീയ സ്നേഹിതന്മാർ, തങ്ങളുടെ മുൻകാല അനുഗ്രഹങ്ങൾക്കും, വീണ്ടും പുനസമാഗമത്തിനായി ആഗ്രഹിക്കുന്നതിനും, വേർപിരിഞ്ഞവരുടെ ലക്ഷ്യസ്ഥാനത്തെത്തുമെന്നുള്ളതിനും സ്തോത്രം പ്രകടിപ്പിക്കുന്നതിന് ഇതിനേക്കാൾ മികച്ച രീതിയിൽ എഴുതുക പ്രയാസമാണ്! ഈ ചിന്തകൾ മനസിലാക്കി സഹോദരന്മാരിൽ പ്രായോഗികമാക്കിയാൽ, അത് നമ്മിൽ വലിയ നേട്ടം കൊണ്ടുവരും.

3:9–13 നാം വീണ്ടും വായിച്ചാൽ, ആ ചിന്തകൾ നമ്മുടെ പ്രാർത്ഥനയിൽ നാം പ്രയോഗിച്ചിട്ട്, നാം എങ്ങനെ പ്രാർത്ഥിക്കുന്നു എന്ന്

സഹോദരങ്ങളോട് പറയണം. അതു തീർച്ചയായും വ്യാത്യാസം ജന ിപ്പിക്കും! അത് ഹൃദയങ്ങളെ ചലിപ്പിക്കും, മനോഭാവങ്ങളെ മാറ്റും, അത് സൽപ്രവൃത്തികൾ പുറപ്പെടുവിക്കും, സഹോദരന്മാർ വളരുവാനും വിശ്വസ്തരായിരിപ്പാനും അത് സഹായിക്കും. ടിപി

**പരസ്പരം ആത്മിക വർദ്ധന വരുത്തുക (3:11-13)**

ആ യുവ സഭയോട് ചേർന്നു പ്രവർത്തിക്കുവാൻ തെസ്സലൊനിക്യയിലേക്ക് മടങ്ങിച്ചെല്ലുവാൻ ആഗ്രഹിച്ച് പൗലൊസ് പിതാവായ ദൈവത്തോടും കർത്താവായ യേശുക്രിസ്തുവിനോടും പ്രാർത്ഥിച്ചു. അതിനുശേഷം, തന്റെ അത്യധികമായ വാഞ്ഛ അവൻ അവരെ അറിയിക്കുകയും ചെയ്തു.

*അവരിൽ സ്നേഹം വർദ്ധിച്ചു പെരുകേണ്ടതിന്.* അവർ സ്നേഹത്തിൽ വളരുവാൻ ആഗ്രഹിച്ചത് പൗലൊസിനോട് മാത്രമായിരുന്നില്ല, സകല മന ുഷ്യരോടും ആയിരുന്നു. ക്രിസ്ത്യാനി തന്റെ സ്വഭാവം എല്ലാവരോടും പ്ര ദർശിപ്പിക്കേണ്ടത് സ്നേഹത്തിലായിരിക്കണം, ആ അടിസ്ഥാനത്തിലായിരിക്കും അയാളുടെ മറ്റെല്ലാ പ്രധാന തലത്തിലുമുള്ള വളർച്ചയും.

*അവർ വിശുദ്ധിയിൽ സ്ഥിരീകരിക്കപ്പെടേണ്ടതിന്.* സ്നേഹത്തിലുള്ള വർദ്ധന കർത്താവായ യേശുവിന്റെ പ്രത്യക്ഷതയിൽ നമ്മുടെ ഹൃദയങ്ങൾ ദൈവ മുൻപാകെ വിശുദ്ധമായി കാണപ്പെടുവാനിടയാകും. കർത്താവിന്റെ സേവനത്തിനായി നമ്മുടെ ഹൃദയങ്ങളെ വേർപെടുത്തി വിശുദ്ധീകരിക്കുവാന ാണ് അവൻ ആഗ്രഹിക്കുന്നത്.

*അവർ കർത്താവിന്റെ പ്രത്യക്ഷതയിൽ കുറ്റമില്ലാത്തവരായി കാണപ്പെടേണ്ടതിന്.* യേശുവിന്റെ വരവിനായി നാം എങ്ങനെയാണ് ഒരുങ്ങേണ്ടത്? കർത്താവ് വരുമ്പോൾ ദൈവ സന്നിധിയിൽ വിശുദ്ധരായി കാണപ്പെടുവാൻ നാം സകല മനുഷ്യരേയും സ്നേഹിച്ചുകൊണ്ട് ജീവിക്കണം എന്നാണ് പൗലൊസ് സൂചിപ്പിച്ചത്. തെറ്റില്ലാതെ ജീവിക്കുവാൻ നമുക്ക് സാധ്യമല്ല, പക്ഷെ കുറ്റമില്ലാത്തവരായി കാണപ്പെടുവാൻ സാധ്യതയുണ്ട്. ആത്മാർത്ഥമായ ഉദ്ദേശമാണ് ഒരാളുടെ ഹൃദയത്തിലുള്ളതെങ്കിൽ, അയാൾ കുറ്റമില്ലാത്തവനായി തീരുവാനിടയുണ്ട്.

എന്തൊരു ആഗ്രഹമായിരുന്നു പൗലൊസിന് ഉണ്ടായിരുന്നത്! അത് അർത്ഥവത്തായതും സമതുലനാവസ്ഥയിലുമുള്ള ആഗ്രഹമായിരുന്നു. അത് മറ്റുള്ളവരെ ശരിയായി സ്നേഹിക്കുന്നതും ദൈവത്തെ വിശുദ്ധിയോടെ ആരാധിക്കുന്നതുമാണ്. ഈസി

**"നിങ്ങളുടെ വിശ്വാസം" (3:1-10)**

റോമർ 10:17 പറയുന്നു, "ആകയാൽ വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു." പൗലൊസ് 1 കൊരിന്ത്യർ 15:3, 4 ൽ പറഞ്ഞ "... ധആപകയാൽ ക്രിസ്തു തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു; അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു" എന്ന സുവിശേഷം തെസ്സലൊനിക്യർ കേട്ടു വിശ്വസിച്ചിരുന്നു. വചനം കേട്ടിട്ടാണ് തെസ്സലൊനിക്യർ ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് വന്നത്. അവരുടെ വിശ്വാസത്തെ ഉയർത്തി കാണിക്കുന്ന വേദഭാഗമാണ് 3:1–10.

*വ്യക്തിപരമായ ഒരു വിശ്വാസം (3:1, 2).* ഒന്ന്, അവർക്ക് വ്യക്തിപരമായ വിശ്വാസം ആയിരുന്നു ഉണ്ടായിരുന്നത്. ഈ വേദഭാഗത്ത് പൗലൊസ്

“നിങ്ങളുടെ വിശ്വാസം” എന്ന പ്രയോഗം ഇഞ്ചു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (വാ. 2, 5, 6, 7, 10). നമ്മുടെ വിശ്വാസം ശരിയായതാണെങ്കിൽ, അത് ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കുന്നതായിരിക്കും. യേശുക്രിസ്തുവിന്റെ അവസാന നിയമത്തിൽ ഉൾപ്പെടുന്ന ഒരു കൂട്ടം സത്യത്തെ ആസ്പദമാക്കിയുള്ളതാണ് ധഏകപ വിശ്വാസം. അവയെല്ലാം ശക്തിയുള്ളതും പ്രധാനപ്പെട്ടതുമാണ്, പക്ഷെ അതെല്ലാം ഏക വ്യക്തിയിൽ കേന്ദ്രീകരിച്ചിരിക്കും. പൗലൊസ് 2 തിമൊഥെയൊസ് 1:12 ൽ എഴുതി. “ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് അറിയുന്നു; അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിക്കുവാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു.”

തെസ്സലൊനിക്യയിലെ യുവ ക്രിസ്ത്യാനികൾക്ക് എഴുതിയ ലേഖനങ്ങളിൽ ചില പുതുമയും ശക്തിയും നമുക്ക് കാണാം. അവ പ്രസംഗത്തിന്റെ കാരണത്തെയും, വിശ്വാസം ജനിപ്പിക്കുന്നതും, ദൈവരാജ്യം സ്ഥാപ ിതമാകുന്നതും വ്യക്തമാക്കി തരുന്നു.

സ്നാന പ്രവൃത്തിയും ഉദ്ദേശവും പ്രാധാന്യമുള്ളതാണോ? തീർച്ചയായും അതെ. അവന്റെ മരണത്തോടു ചേരുവാനാണ് സ്നാനം ഏൽക്കുന്നത് എന്ന് വചനം വ്യക്തമായി പറയുന്നു (റോമ. 6:3). നാം ആരാധിക്കുന്ന രീതി പ്ര ാധാന്യമുള്ളതാണോ? തീർച്ചയായും അതെ. ദൈവത്തെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം എന്നാണ് ദൈവം കൽപ ിച്ചിരിക്കുന്നത് (യോഹ. 4:24), എങ്കിലും, അവയെല്ലാം യേശു എന്ന ഏക വ്യക്തിയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. വചനം ഉപദേശിക്കുന്നത് പ്രാധാന്യമുള്ള കാര്യമാണ്, കാരണം യേശു കർത്താവാണ്, അവന്റെ അവസാന നിയമമാണ് പുതിയ നിയമം.

എന്റെ വിശ്വാസം വർദ്ധിപ്പിക്കുവാൻ ഞാൻ എന്താണ് ചെയ്യേണ്ടത്? റോമർ 10:17 പറയൂന്നൂ, “വിശ്വാസം കേൾവിയാൽ വരുന്നു ... വചന കേൾവിയാൽ.” വചനം കേൾക്കുന്നതിനാൽ വിശ്വാസം വരിക മാത്രമല്ല, ശക്തിപ്പെടുത്തുകയും ചെയ്യുന്നു. വിശ്വാസത്തിൽ ബലക്ഷയം വേണമെന്നുണ്ടെങ്കിൽ, ജീവനുള്ള വചനവുമായുള്ള-ശക്തമായ ബന്ധം-പ്രധാനപ്പെട്ട ബന്ധംവിഛേദിച്ചാൽ മതി. നിങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, ഓരോ ദിവസവും നിങ്ങളുടെ വിശ്വാസത്തിന്റെ ഉറവിടത്തിലേക്ക് തിരിച്ചുപോകുക. ശ്രദ്ധയോടും പ്രാർത്ഥനയോടും കൂടെ യോഹന്നാന്റെ സുവിശേഷം വായിക്കുവാനാണ് ഞാൻ ശുപാർശ ചെയ്യുന്നത്. താൻ എഴുതുന്നതിന്റെ ഉദ്ദേശം അവൻ വ്യക്തമായി പറയുന്നു: “ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റനേകം അടയാളങ്ങൾ യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു; എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ അറിയേണ്ടതിന്ന് ഇത് എഴുതി.ിരിക്കുന്നു” (യോഹ. 20:30, 31). അൻ ചെയ്ത എല്ലാ അത്ഭുതങ്ങളും നമുക്ക് ലഭിച്ചിട്ടില്ല. യോഹന്നാൻ തിരഞ്ഞെടുത്ത് രേഖപ്പെടുത്തിയിരിക്കുന്നു. ദൈവശ്വാസിയമായി യോഹന്നാൻ വെളിപ്പെടുത്തിയിരിക്കുന്നത് വിശ്വാസത്തെ-വർദ്ധിപ്പിക്കുന്ന അടയാളങ്ങളാണ്. നമ്മെ വിശ്വാസത്തിലേക്കു നയിക്കുകയായിരുന്നു അവന്റെ ലക്ഷ്യം.

*തെളിയിക്കപ്പെട്ട വിശ്വാസം (3:3-10).* പൗലൊസ്, രണാമതായി പറഞ്ഞതു നമ്മുടെ വിശ്വാസം തെളിയിക്കപ്പെടണം എന്നാണ്. ഈ വേദഭാഗം അനുസരിച്ച് വിശ്വാസം തെളിയിക്കുവാനും, ശോധന ചെയ്യുവാനും, പരീക്ഷിക്കുവാനും കഴിയും. ഏഎസ്‌വിയിൽ യാക്കൊബ് 1 ൽ പറയുന്നത് “നിങ്ങളുടെ വിശ്വാ

സം തെളിയിക്കൽ" എന്നാണ്; പക്ഷെ കെജെവിയിൽ "വിശ്വാസത്തിലെ പരിശോധന ക്ഷമ പുറപ്പെടുവിക്കുന്നു" എന്നാണ്.

1 തെസ്സലൊനിക്യർ 3 ൽ പൗലൊസ് പറഞ്ഞു,

> കഷ്ടം അനുഭവിക്കുവാൻ നാം നിയമിക്കപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ തന്നെ അറിയുന്നുവല്ലൊ. നമ്മൾ കഷ്ടം അനുഭവിക്കേണ്ടി വരും എന്നു ഞങ്ങൾ നിങ്ങളോടുകൂടെ ഇരുന്നപ്പോൾ, മുമ്പ് കൂട്ടി പറഞ്ഞിട്ടുണ്ട്. അവ്വണ്ണം തന്നെ സംഭവിച്ചു എന്നു നിങ്ങൾ അറിയുന്നു (വാ. 3, 4).

പരീക്ഷകൻ അവരെ പരീക്ഷിക്കുന്നതായിട്ടാണ് അടുത്ത വാക്യം പറയുന്നത്. അങ്ങനെ എതിർപ്പും കഷ്ടതയും അവരുടെ വിശ്വാസത്തെ, പരീക്ഷകൻ പരീക്ഷിച്ച്, ശോധന ചെയ്ത് തെളിയിക്കുന്നു. പരീഷ പ്രതിസന്ധി ആണെങ്കിലും, അത് ജയിക്കുവാൻ വലിയ വിശ്വാസം അനിവാര്യമാണ്.

നാം കഷ്ടതക്കായി നിയമിക്കപ്പെട്ടിരിക്കുന്നു എന്നാണ് വാക്യം 3 പറയുന്നത്. ഉപദ്രവങ്ങൾ വരുമ്പോഴും, ലോകം ഇടിഞ്ഞു താഴുമ്പോഴും, നാം കഷ്ടതയുടെ നടുച്ചുഴിയിലകപ്പെടുമ്പോഴും, അഗ്നി പരീക്ഷയിൽകൂടെ കടന്നു പോകുമ്പോഴും നമ്മുടെ വിശ്വാസം ത്യജിക്കുന്ന ഒരു തെറ്റ് നാം ചെയ്യരുത്. അതായത്, അപ്പോഴായിരിക്കും മുമ്പത്തേക്കാളധികം നമുക്ക് വലിയ വിശ്വാസം ആവശ്യമുള്ളത്.

അപ്പോൾ, വിശ്വാസം, തെളിയിക്കപ്പെടണം. "നമ്മുടെ വിശ്വാസക്കപ്പൽ താഴാതിരിക്കട്ടെ" എന്നു നാം പാടുന്നുണ്ട്. പരീക്ഷണങ്ങളുടെ ഇരുണ്ട നാളുകൾ വരുമെന്നറിഞ്ഞ്, പ്രകാശമുള്ള സമയത്ത് നമ്മുടെ വിശ്വാസം വർദ്ധിപ്പിച്ച് ശക്തി പ്രാപിക്കണം. പരീക്ഷണങ്ങൾ വരുമ്പോൾ, "ദൈവം എന്നെ സ്നേഹിക്കാത്തുതുകൊണ്ടാണ് ഇങ്ങനെയെല്ലാം സംഭവിക്കുന്നത്" എന്നു പറയുവാൻ ശ്രമിക്കരുത്.

*പ്രഖ്യാപിച്ച വിശ്വാസം (3:6).* വിശ്വാസം പ്രഖ്യാപിക്കേണ്ടതുകൂടെയാണ്. വ്യക്തപരവും തെളിയിക്കപ്പെട്ട വിശ്വാസം പങ്കിടുവാനുള്ളതാണ്. 1 തെസ്സലൊനിക്യർ 3 ലെ പത്തു വാക്യങ്ങളിൽ പൗലൊസ് ഇതിനെ കുറിച്ച് വളരെ കുറച്ചു മാത്രമാണ് പറയുന്നതെങ്കിലും, മുൻപ് പൗലൊസ് പറഞ്ഞു, "നിങ്ങളുടെ ഇടയിൽനിന്ന് കർത്താവിന്റെ വചനം മുഴങ്ങിച്ചെന്നത്" (1:8). കാഹളം ഊതുമ്പോൾ താഴ്വരയിലെ അക്കരെയും ഇക്കരയും മുഴങ്ങുന്ന ശബ്ദത്തെ സൂചിപ്പിക്കുന്ന വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നതു. ഉപയോഗിച്ച വാക്ക് "മുഴങ്ങിച്ചെന്നു" എന്നാണ്. വാസ്തവത്തിലുള്ള വിശ്വാസം പ്രഖ്യാപിക്കപ്പെടണം എന്നാണ് ഈ വേദഭാഗവും, പുതിയ നിയമത്തിലെ മറ്റു വേദഭാഗങ്ങളും തറപ്പിച്ചു പറയുന്നത്.

സ്വപ്നങ്ങൾക്ക് അതിന്റേതായ സ്ഥാനമാണുള്ളത്. എന്നാൽ സ്വപ്നങ്ങളിൽ നാം ജാഗ്രത പുലർത്തേണ്ടതുമാണ്. ദർശനത്തിന് അതിന്റേതായ സ്ഥാനമുണ്ട്. എന്നാൽ ദർശനത്തിൽ, ധൈര്യം അവലംബിക്കണം. സ്വപ്നത്തിൽ ചെയ്യൽ കാണാം. വിശ്വാസം, പ്രത്യേകിച്ച് ജീവിക്കുന്ന വിശ്വാസം പങ്കിടുന്നതാണ്. 2 കൊരിന്ത്യർ 4:13 ൽ പൗലൊസ് പറയുന്നു, "... ഞാൻ വിശ്വസിച്ചു, അതു കൊണ്ട് സംസാരിച്ചു, എന്നു ധഎപ ഴുതിയിരിക്കുന്നുവല്ലൊ."

എബ്രായർ 12:1 ൽ "ബന്ധപ്പെടുത്തിയിരിക്കുന്ന" പാപം അവിശ്വാസം ആയിരിക്കാം. വലിയ വിശ്വാസത്തെ പ്രതിപാദിച്ച അദ്ധ്യായം കഴിഞ്ഞ ഉടനെ

ആണ് ഇതു രേഖപ്പെടുത്തിയിരിക്കുന്നത്. ആ പ്രബോധനം നാം ഇങ്ങനെ വായിച്ചു കേൾക്കുന്നു, “സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക.” അനിശ്ചിതാവസ്ഥയും സംശയവും നമുക്ക് അകറ്റി നിർത്താം. വ്യക്തിപരമായ സുവിശേഷത്തെ തടസപ്പെടുത്തുന്ന രഹസ്യ സംശയങ്ങളെ ത്യജിക്കണം, ആളുകൾ തങ്ങളുടെ സംശയങ്ങളെ വിശ്വസിക്കുകയും, വിശ്വാസത്തെ സംശയിക്കുകയുമാണ് ചെയ്യുന്നത്. നമ്മെ എളുപ്പത്തിൽ കീഴ്പ്പെടുത്തുന്ന തന്ത്രങ്ങളെ നമുക്ക് ഉപേക്ഷിക്കാം. നമുക്ക് ക്ഷമയോടെ നമുക്ക് മുൻപിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടാം, അങ്ങനെ പൗലൊസിനെ പോലെ, “ഞാൻ വിശ്വസിച്ചു, അതുകൊണ്ട് സംസാരിച്ചു” എന്നു ധൈര്യത്തോടെ പറയാം.

*ഉപസംഹാരം.* നമ്മുടെ വിശ്വാസം വ്യക്തിപരമായിരിക്കണം. അത് തെളിയിക്കപ്പെടണം. അത് പ്രഖ്യാപിക്കപ്പെടണം. നിങ്ങളുടെ വിശ്വാസം എങ്ങനെയിരിക്കുന്നു? അത് ശക്തവും, പ്രാധാന്യമുള്ളതും, വർദ്ധിക്കുന്നതും, ദൈവ വചനത്തിൽ അധിഷ്ഠിതവുമാണോ, കൊടുങ്കാറ്റ് അനുഭവപ്പെട്ടാലും ഉറച്ചുനിൽക്കുന്നതുമാണോ? അത് കൂടുതലും വ്യക്തിപരമായ ഒന്നാണോ? അത് വെറും താഴ്മ പ്രകടിപ്പിക്കുവാൻ മാത്രമുള്ള വിശ്വാസമാണോ? ഏഎം

---

കുറിപ്പുകൾ

[1]ആർ.സി.എച്ച്. ലെൻസ്കി, *ദ ഇന്റർപ്രെട്ടേഷൻ ഓഫ് സെന്റ്.പോൾസ് എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ്, ടു ദ തെസ്സലൊണിയൻസ്, ടു തിമൊഥെയൊസ്, ടു ടൈറ്റസ്, ആന്റ് ടു ഫിലെമോൻ* (കൊളംബസ്, ഓഹിയോ:ലൂതെറൻബുക്ക് കൺസേൺ, 1937; റീപ്രിന്റ്, മിന്നപ്പൊലിസ്, മിൻ:ആഗ്സ്ബർഗ് പബ്ലിഷിങ് ഹൗസ്, 1961), 281. [2]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ:യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 520–21. [3]ബ്രൂസ് എം. മെറ്റ്സ്ഗെർ, *ഏ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്:ഏ കംപാനിയൻ വാല്യം ടുദ യൂണേറ്റഡ് ബൈബിൾ സ്വസൈറ്റീസ് ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്തേർഡ് എഡിഷൻ* (ന്യൂ യോർക്ക്:യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റീസ്, 1971), 631. [4]ഡേവിഡ് ജെ. വില്യംസ്, *1 ആന്റ് 2 തെസ്സലൊനിയൻസ്, ന്യൂ ഇന്റർനാഷ്ണൽ ബൈബിൾ കമെന്ററി:ന്യൂ ചടെസ്റ്റമെന്റ് സീരീസ്,* വാല്യം 12 (പീബഡി, മാസ്.:ഹെന്റിക്സൺ പബ്ലിഷേഴ്സ്, 1992), 58. [5]ബാവർ, 402. [6]ലിയോൺ മോറിസ്, *ദ ഫസ്റ്റ് ആന്റ് സെക്കന്റ് എപ്പിസ്റ്റിൽസ് ടു ദ തെസ്സലൊനിയൻസ്, ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ഡബ്ലിയുഎം. ബി. ഏർമാൻസ് പബ്ലിഷിങ് കമ്പനി., 1959), 101. [7]ജോർജ് ബ്രമൻ, “എക്സോർട്ട്,” ഇൻ *ദ ന്യൂ ഇന്റർനാഷ്ണൽ ഡിക്ഷ്ണറി ഓഫ് ന്യൂ ടെസ്റ്റമെന്റ് തിയോളജി*, എഡി. കോളിൻ ബ്രൗൺ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:സോണർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1975), 1:570. [8]മോറിസ്, 106–7. [9]വില്യംസ്, 63. [10]ഇബിഡ്., 64.

[11]ഏ. ടി. റോബർട്സൺ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ, വാല്യം. 4, വേർഡ് പിക്ച്ചേഴ്സ് ഇൻ ദ ന്യൂ ടെസ്റ്റമെന്റ്* (നാഷിലേ:ബ്രോഡ്മാൻ പ്രസ്, 1931), 26–27. [12]ഇബിഡ്., 27. [13]വില്യംസ്, 66. [14]മോറിസ്, 96–97. [15]ഇബിഡ്., 115. [16]ജെ..ഡബ്ലിയു. മെക്ഗാർവേ ആന്റ്ഫ് ഫിലിപ് വൈ.പെൻലെറ്റൺ, *തെസ്സലൊനിയൻസ്, കൊരിന്ത്യൻസ്, ഗലേഷ്യൻസ്, റോമൻസ്,* ദ സ്റ്റാൻഡേർഡ് ബൈബിൾ കമെന്ററി

(സിൻസിനാറ്റി, ഓഹിയോ:സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ്, ഫൗണ്ടേഷൻ, 1916), 14. [17]ഐ ഹോവാർഡ് മാർഷൽ, *1 ആന്റ് 2 തെസ്സലൊനിയൻസ്*, ദ ന്യൂ സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1983), 102. [18]ഹാൽ ലിൻസി, *ദ ലേറ്റ് ഗ്രേറ്റ് പ്ലാനെറ്റ് ഏർത്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:സോണ്ടർവാൻ, 1970), 125–31, 159–65. [19]വില്യംസ്, 68. റാപ്ച്ചർ എന്ന വിഷയത്തെകുറിച്ച് വിശദമായി അറിയുവാൻ (പ്രി-മിഡ്., ഓർ പോസ്റ്റ് ട്രിബുലേഷൻ), സീ ആർ. റേയിറ്റർ പി.ഫെയിൻബർഗ്, ജി. ആർച്ചർ, ആന്റ് ഡി മൂ, *ദ റാപ്ച്ചർ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:അക്കാഡമിക്, 1984). [20]ദ യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റിസ് ടെക്സ്റ്റ് നൗ പ്ലെയിസസ് "ആമേൻ" അറ്റ് ദ എന്റ് ഓഫ് വേഴ്സ് 13 ഇൻ ബ്രാക്കറ്റ്സ് വിത്ത് എ സി റേറ്റിങ്ങ്. സിനായിറ്റിക്കസ്, അലക്സാൺട്രിനസ്, ആന്റ് ബെസാ ഇൻക്ലൂഡ് ഇറ്റ്. ഹൂഗോ മെക്കോർഡ് ആക്സെപ്റ്റ്സ് ഇറ്റ് (*മെക്കോർഡ്സ് ന്യൂ ട്രാൻസ്ലേഷൻ ഓഫ് ദ എവർലാസ്റ്റിങ്ങ് ഗോസ്പൽ*). സീ ദ *ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്*, 4ത് റെവ. എഡി., എഡി. ബാർബറാ അലന്റ്, കർട് അലന്റ്, കൾ അലന്റ്, ജോഹെന്നസ് കാരവിഡോപൗലൊസ്, കാർലോ, എം. മാർട്ടിനി, ആന്റ് ബ്രൂസ് എം. മെറ്റ്സ്ഗെർ (സ്റ്റുട്ഗാർട്ട്:യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റിസ്, 1998). [21]റേയ്മണ് സി.കെൽസി. *ദ ലെറ്റേഴ്സ് ഓഫ് പോൾ ടു ദ തെസ്സലൊണിയൻസ്,* ദ ലിവിങ്ങ് വേർഡ്, കമെന്ററി, വാല്യം. 13 (ആസ്റ്റിൻ, ടെക്സ്.:ആർ. ബി.സ്വീറ്റ്കമ്പനി., 1968), 66.